Bringing You Closer to God
LANDWAY
RNI-KERBIL/2015/62054

# ലാൻഡ്‌വേ ന്യൂസ്

10 NOVEMBER 2016

www.landwaynews.com email: landwaynews@gmail.com

Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.

Published From Pathanamthitta • Volume No. 2, Issue No. 11 • Pages 8 • Price: Rs. 10/-




## മികച്ച ലേഖനത്തിന് ക്യാഷ് അവാർഡ്

ലാൻഡ്‌വേ ന്യൂസ് സംഘടിപ്പിക്കുന്ന സാഹിത്യ അവാർഡ് 2016 ലേക്ക് രചനകൾ ക്ഷണിക്കുന്നു. ഏറ്റവും മികച്ച ഒരു ലേഖനത്തിന് ക്യാഷ് അവാർഡും ഫലകവും പ്രശസ്തിപത്രവും നൽകുന്നതായിരിക്കും. അഞ്ച് മികച്ച ലേഖനങ്ങൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടായിരിക്കും.

ക്രിസ്തീയ മൂല്യങ്ങളോട് ബന്ധപ്പെട്ടെഴുതിയ കാലിക പ്രസക്തിയുള്ള ലേഖനങ്ങൾ പരിഗണിക്കുന്നതാണ്. രചനയോടൊപ്പം മേൽവിലാസം, ഫോൺനമ്പർ, ഇമെയിൽ ഐഡി, ഏറ്റവും പുതിയ പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഉണ്ടായിരിക്കണം. തപാലിലോ, ഇമെയിൽ വഴിയോ രചനകൾ അയയ്ക്കാവുന്നതാണ്. പ്രായമോ സഭാവ്യത്യാസമോ ഇല്ലാതെ ആർക്കും പങ്കെടുക്കാം. മുമ്പ് പ്രസിദ്ധീകരിച്ചവ ആയിരിക്കരുത്. എല്ലാ മികച്ച കൃതികളും ലാൻഡ്‌വേ ന്യൂസിൽ പ്രസിദ്ധീകരിക്കും. രചനകൾ തിരിച്ചയയ്ക്കുന്നതല്ല. **2016 ഡിസംബർ 30ന്** മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കണം. തപാൽ പ്രശ്നങ്ങൾ മൂലം രചനകൾ കൃത്യസമയത്ത് ഓഫീസിൽ ലഭിക്കാതിരിക്കുകയോ നഷ്ടപ്പെടുകയോ ചെയ്താൽ ലാൻഡ്‌വേ ന്യൂസ് ഉത്തരവാദിയല്ല. ഇംഗ്ലീഷിലും മലയാളത്തിലും രചനകൾ അയയ്ക്കാം

2017 ജനുവരി 30-ാം തീയതി അവാർഡ് പ്രഖ്യാപിക്കുകയും ലാൻഡ്‌വേ ന്യൂസ് സംഘടിപ്പിക്കുന്ന ഔദ്യോഗിക ചടങ്ങിൽ വച്ച് അവാർഡുകൾ വിതരണം ചെയ്യുന്നതുമാണ്. സമയവും വേദിയും പിന്നീട് അറിയിക്കും. കൂടുതൽ വിവരങ്ങൾക്ക് ലാൻഡ്‌വേ ന്യൂസ് ഓഫീസുമായി ബന്ധപ്പെടുക.

**LANDWAY NEWS | SAHITHYA AWARD | THUMPAMON P. O, PATHANAMTHITTA DIST - 689502.**
**Phone: +91 9447440441 | Email: landwaynews@gmail.com**

# സോൾ വിന്നേഴ്സ് സ്ഥാപകൻ പാസ്റ്റർ ഈശോ നിര്യാതനായി



1945 ൽ മാവേലിക്കര അറുന്നൂറ്റിമംഗലത്താണ് പാസ്റ്റർ ഈശോ ജി. കെ.യുടെ (71) ജനനം. ബാല്യത്തിൽ നിരന്തരം രോഗത്തിൽ കൂടി കടന്നുപോയപ്പോൾ മാതാപിതാക്കൾ അന്നത്തെ വിശ്വാസം അനുസരിച്ച് തന്നെ കർത്താവിനായി സമർപ്പിച്ചു. തന്റെ 12-ാമത്തെ വയസിൽ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു. അദ്ദേഹത്തിന്റെ പഠന ശേഷം മധ്യപ്രദേശിൽ പോകുകയും സർക്കാർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

നല്ല ജീവിത സാഹചര്യവും നല്ല വിദ്യാഭ്യാസവും ഉള്ളപ്പോഴും തന്റെ ജീവിതം ക്രിസ്തുവിന് വേണ്ടി സമർപ്പിച്ചു മാതൃകയായ ജോലിക്കായി വടക്കേ ഇന്ത്യയിൽ എത്തിയിട്ടു ക്രിസ്തുവിന്റെ ശബ്ദത്തിന് കീഴടങ്ങി താൻ സുവിശേഷ വേലയിൽ ശ്രദ്ധ തിരിക്കുകയായിരുന്നു. അവിടെ ക്രിസ്തുവിനെ അറിയാത്ത വില്ലേജുകൾ കണ്ടെത്തുകയും ആ ഭാരം താൻഏറ്റെടുത്തു ക്രിസ്തുവിന്റെ വേലയിൽ വ്യാപൃതനായി.

പിന്നീട് ഇന്ത്യയിലെ 25 സംസ്ഥാനങ്ങളിലും സോൾ വിന്നേഴ്സ് എന്ന സ്ഥാപനം വളർന്നു പന്തലിച്ചു. ആന്ധ്രാപ്രദേശ്, മധ്യപ്രദേശ്, കേരള എന്നിവിടങ്ങളിൽ ബൈബിൾ സ്കൂളുകൾ ഉണ്ടാക്കുവാനും അനേകം കർത്തൃദാസന്മാരെ വാർത്തെടുക്കുകയും ചെയ്തു. കൂടാതെ നേപ്പാൾ, ഭൂട്ടാൻ തുടങ്ങി അയൽ രാജ്യങ്ങളിലും സോൾ വിന്നേഴ്സ് എന്ന സ്ഥാപനത്തിന് സാക്ഷിയാകാനും ഇദ്ദേഹത്തിന് കഴിഞ്ഞു. 500 സഭകളും 1000 ത്തോളം വിദ്യാർത്ഥികളെയും വാർത്തെടുത്തു. കൂടാതെ 3 അനാഥശാലകളും തനിക്ക് ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞു എന്നത് അഭിമാനകരം തന്നെയാണ്.

തന്നേക്കുറിച്ച് അനേകർക്ക് പറയാനുള്ളത് ഇപ്രകാരമാണ്. വേദഅദ്ധ്യാപകൻ, നല്ല സഹോദരൻ, സുഹൃത്ത്, അതിലുപരി തികഞ്ഞ ആത്മീകൻ എന്നീ നിലകളിൽ അദ്ദേഹത്തെ അടുത്തറിഞ്ഞവർക്കു പറയാൻ ഇപ്പോഴും കഴിയും. ഭൗതിക ജോലിയിൽ ആയിരിക്കുമ്പോഴും ആത്മാക്കളെ നേടാനും, സുവിശേഷ വേല ചെയ്യാനും കഴിയും എന്ന് ജീവിതത്തിന്റെ അനുഭവത്തിൽ നിന്നും ലോകത്തിന് കാട്ടിക്കൊടുക്കുവാൻ താൻ തന്റെ ജീവിതം ഉഴിഞ്ഞു വച്ചു. ലാന്റ്‌വേ ന്യൂസിന്റെ അനുശോചനം അറിയിച്ചുകൊള്ളുന്നു.

## വാർഷിക കൺവൻഷൻ സമാപിച്ചു



ഷാർജ: പി.വൈ.പി.എ.യുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 3, 4, 5 ദിവസങ്ങളിൽ നടന്ന സുവിശേഷ മഹായോഗം വളരെ അനുഗ്രഹമായിരുന്നു. പാസ്റ്റർ അനീഷ് കാവാലം യാക്കോബ് 4:7 ൽ നിന്നും 3 ദിവസവും ശുശ്രൂഷിച്ചു. ആകയാൽ നിങ്ങൾ ദൈവത്തിന് കീഴടങ്ങുവിൻ. പിശാചിനോട് എതിർത്തു നിൽപ്പിൻ എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. വലിയ ജനാവലി ഈ കൺവൻഷന്റെ പ്രത്യേകത ആയിരുന്നു.

## പ്രവർത്തനോത്ഘാടനം




പെരിന്തൽമണ്ണ: ഹോസ്പിറ്റൽ മിനിസ്ട്രീസ് ഇന്ത്യ പെരിന്തൽമണ്ണ ചാപ്റ്ററിന്റെ പ്രവർത്തനോത്ഘാടനം പെരിന്തൽമണ്ണ ഐ.പി.സി വർഷിപ്പ് സെന്ററിൽ 2016 ഒക്ടോബർ 2ന് ഡയറക്ടർ പാസ്റ്റർ എം.പി. ജോർജ്ജുകുട്ടി നിർവ്വഹിച്ചു. പാസ്റ്റർ ബിജോയ് കുര്യാക്കോസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ ജോയ് പെരുമ്പാവൂർ ദൈവവചനം സംസാരിച്ചു. HMI മലബാർ മേഖല കോഡിനേറ്റർ ബ്രദർ ലോനപ്പൻ തൃശൂർ ചാരിറ്റി ഉത്ഘാടനം ചെയ്തും 10 പേർക്ക് മെഡിക്കൽ സഹായ വിതരണം നടത്തി. മലപ്പുറം ജില്ലാ പ്രമേഷണൽ സെക്രട്ടറി സുവി. സജി റ്റി. വി. രക്തദാന യൂണിറ്റിന്റെ ഉത്ഘാടനം നിർവ്വഹിച്ചു. കഴിഞ്ഞ 20-ൽ പരം വർഷം HMI യുടെ പ്രവർത്തനത്തിന് നേതൃത്വം കൊടുത്ത പാസ്റ്റർ പി.പി. ഐസക്, പാസ്റ്റർ രാജൻ, പാസ്റ്റർ ബിജു പി. ജോർജ്ജ്, പാസ്റ്റർ പി.സി. മാത്യു, പാസ്റ്റർ എൻ.എം. മാത്യു, പാസ്റ്റർ ബിജോയ് കുര്യാക്കോസ് എന്നിവർക്ക് പാസ്റ്റർ എം.പി. ജോർജ്ജുകുട്ടി ഫലകം നൽകി ആദരിച്ചു.

പാസ്റ്റർമാരായ ഷൈജൻ, ഷാജി പി. തോമസ്, ബിനീഷ് റ്റി. എ, സജി ചാക്കോ, ബ്രദർ തമ്പി മുളയത്ത്, ബ്രദർ ഹാരിസ് എഡ്വേഡ് എന്നിവർ ആശംസകൾ അറിയിച്ചു. കരിസ്മ ബ്ലസ്സിംഗ് ട്യൂണഴ്സ് ഗാനശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു. 2016-17 പ്രവർത്തനവർഷത്തിൽ എച്ച്.എം.ഐ. പെരിന്തൽമണ്ണ താലൂക്കിൽ നടത്താൻ പോകുന്ന വിപുലമായ പ്രവർത്തനങ്ങളുടെ പ്രോഗ്രാം ഡയറി പ്രകാശനം ചെയ്തു. വിശദവിവരങ്ങൾക്ക് പാസ്റ്റർ ബിജോയ് കുര്യാക്കോസ് (ചാപ്റ്റർ പ്രസിഡന്റ്) ഫോൺ: 9961893028.

## ശാരോൻ സെന്റർ കൺവൻഷൻ

പത്തനംതിട്ട: ഫെല്ലോഷിപ്പ് ചർച്ച് പത്തനംതിട്ട സെന്റർ കൺവൻഷൻ 2017 ഫെബ്രുവരി 9-12 വരെ സീതത്തോട് പഞ്ചായത്ത് ഗ്രൗണ്ടിൽ നടക്കും. സെന്റർ മിനിസ്റ്റർ പാസ്റ്റർ വി. ജെ. തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്ററന്മാരായ സജു ചാത്തന്നൂർ, റെജി മാത്യു, സാജൻ ജോയി, കെ. മാത്യു തുടങ്ങിയവർ പ്രസംഗിക്കും. ശാരോൻ സിംഗേഴ്സ് ഗാനങ്ങൾ ആലപിക്കും.

**അഡ്രസ്സ് മാറ്റമുള്ളവരും വരിസംഖ്യ അടയ്ക്കാത്തവരും, ദയവായി സഹകരിച്ചാലും! ഒരു അഡ്രസ്സിൽ ഒന്നിലധികം ലാൻഡ്‌വേ ലഭിക്കുന്നുവെങ്കിൽ ഓഫീസിൽ അറിയിക്കുക.**

*എഡിറ്റർ*

2 വഴിയിൽ പതിയിരിക്കുന്ന അപകടങ്ങൾ — സന്തോഷ് പന്തളം
2 മാതൃകയ്ക്ക് മാറ്റമുണ്ടായാൽ — ഷെറിൻ ഷേർളി സന്തോഷ്
3 ദുഃഖം വ്യത്യസ്ത ഭാവങ്ങളിൽ — സാജു ജോർജ്, ഉറുകുന്ന്
4 Visions of the Triune God for the Transformational Mission — Thomas Philip
6 നിന്നോടെൻ ദൈവമേ, ഞാൻ ചേരട്ടെ... — പാട്ടിന്റെ വഴി

**LANDWAY NEWS**
EDITORIAL BOARD
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara

ETHIOPIA
Tariku Alemu

**Address:**
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55



സന്തോഷ് പന്തളം

# വഴിയിൽ പതിയിരിക്കുന്ന അപകടങ്ങൾ

ചെറിയവരും വലിയവരും മിക്കദിവസങ്ങളിലും ധാരാളം യാത്ര ചെയ്യുന്നുണ്ട്. യാത്ര എന്നത് മനുഷ്യന് കഴിച്ചുകൂട്ടാൻ പറ്റാത്ത പ്രധാനകാര്യമാണ്. പലരും വിവിധ നിലകളിലുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നു, ഒപ്പം വ്യത്യസ്ത ഇടങ്ങളിൽ പോകുകയും ചെയ്യുന്നു. പക്ഷെ പലരുടെയും ജീവിതത്തിൽ യാത്രകൾ ഗുണത്തേക്കാൾ ഏറെ ദോഷമാണ് ചെയ്യുന്നത് എന്ന് നമുക്ക് ഈ കാലഘട്ടങ്ങളിൽ കാണുവാനും കേൾക്കുവാനും കഴിയുന്നത്.

ഒരു വ്യക്തി വിചാരിച്ചാൽ മാത്രം അപകടം ഒരിക്കലും മാറുകയില്ല. വഴി നടക്കുന്ന കാൽനടക്കാർ മുതൽ വലിയ വാഹനം ഓടിക്കുന്ന വ്യക്തികൾ വരെ ശ്രദ്ധിച്ചാലെ വഴിയിൽ പതിയിരിക്കുന്ന അപകടങ്ങളെ നമുക്ക് തരണം ചെയ്യുവാൻ കഴിയുകയുള്ളു. നാം എല്ലാവരും ഒരുമിച്ച് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ നമ്മുടെ നന്മക്കു വേണ്ടി ചുവടെ കൊടുക്കുന്നു.

(1). കാൽനടക്കാർ റോഡിന്റെ വലതു വശത്തു കൂടി മാത്രമേ പോകാവു. (2) കാൽനടക്കാരുടെ ഇഷ്ടത്തിനനുസരിച്ച് റോഡ് മുറിച്ച് കടക്കാതെ ഇടത്തും വലത്തും വ്യക്തമായി നോക്കി വാഹനങ്ങൾ ഇല്ലയെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമേ മറുകര നടക്കാവു. (3) മറ്റൊരു വാഹനം തിരിയുവാനോ പുറകോട്ട് നീക്കുവാനോ ചെയ്യുമ്പോൾ വേറെ വാഹനങ്ങൾ അടുത്ത് കൊണ്ട് ചെന്ന് ഭീതി പരത്തുന്ന രീതിയിൽ ഹോൺ മുഴക്കരുത്. തിരിയുന്ന വാഹനത്തെ സമാധാനമായി തിരിയുവാൻ അവസരം കൊടുക്കുക അവരെ അതിനായി അനുവദിക്കുക. (4) ചില സമയങ്ങളിൽ വാഹനങ്ങൾ പെട്ടെന്ന് ബ്രേക്ക് ചെയ്യേണ്ട സമയത്ത് ബ്രേക്കിനോടൊപ്പം എല്ലാ എമർജൻസി ഇൻഡിക്കേറ്ററുകളും പ്രവർത്തിപ്പിച്ചിരിക്കണം. എല്ലാ ദിവസങ്ങളിലും ബ്രേക്ക് ലൈറ്റ്, ഇൻഡിക്കേറ്റർ, ഹെഡ്‌ലൈറ്റ് തുടങ്ങിയവ പ്രവർത്തന നിലവാരമുള്ളതാണോ എന്ന പരിശോധിക്കുകയും വേണം. (5) വശങ്ങളിലേക്ക് തിരിയുന്ന എല്ലാ വാഹനങ്ങളും കുറഞ്ഞത് 30 മീറ്റർ അകലെ വച്ചെങ്കിലും ഇൻഡികേറ്റർ പ്രവർത്തിച്ചിരിക്കണം. മറ്റ് വണ്ടികൾ മുമ്പിലും പുറകിലും ഇല്ലായെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം തിരിയുക. (6) അധിവേഗത്തിൽ പോകുന്ന വണ്ടി കാരണം കൂടാതെ ബ്രേക്ക് ചെയ്യരുത്. ചിലപ്പോൾ നമുക്ക് മാത്രമല്ല മറ്റുള്ളവർക്കും നാം മുഖേന നാശനഷ്ടങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന് ചിന്തിക്കുക. (7) യാത്ര ചെയ്യുന്ന വാഹനങ്ങളിൽ മുമ്പിൽ ഇരിക്കുന്ന രണ്ടുപേരെങ്കിലും നിർബന്ധമായും (വലിയവണ്ടികളിൽ) സീറ്റ് ബെൽറ്റ് ധരിച്ചിരിക്കണം (പലരും സീറ്റ് ബെൽറ്റും ഹെൽമെറ്റും ധരിക്കുന്നത് അവരുടെ ജീവരക്ഷയ്ക്ക് അല്ല, മറിച്ച് പോലീസിനെ പേടിച്ചാണ്). (8) വലിയ വാഹനങ്ങൾ ഓടിക്കുന്നവരും ടാക്സി ഓടിക്കുന്നവരും ഗവൺമെന്റ് പറഞ്ഞിരിക്കുന്ന യൂണിഫോം മാത്രമേ ധരിക്കാവു (പലരും ഷർട്ടിന്റെ പുറത്ത് തണുപ്പടിക്കാതിരിക്കാൻ ഉപയോഗിക്കുന്ന ജാക്കറ്റ് പോലെയാണ് യൂണിഫോം ധരിക്കുന്നത്) ഇങ്ങനെ ചെയ്യുന്നത് തെറ്റല്ലേ?. ചിന്തിക്കുക പോലീസുകാർ ഇതുപോലെ യൂണിഫോം ധരിച്ച് നമ്മുടെ മുമ്പിൽ നിന്നാൽ നാം അവരെ അംഗീകരിക്കുമോ? (9) ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവർ നിർബന്ധമായും ഹെൽമറ്റ് ധരിച്ചിരിക്കണം. (10) പശു, പട്ടി തുടങ്ങിയ മൃഗങ്ങളെ തിരക്കുള്ള റോഡിൽ കൂടെ കൊണ്ടുപോകുകയോ തീറ്റക്ക് വേണ്ടി കെട്ടിയിടുകയോ ചെയ്യരുത്, ഇത് മുഖേന ധാരാളം അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്. പലരും മരണപ്പെട്ടിട്ടുണ്ട്. (11) പോക്കറ്റ് റോഡിൽ കൂടി വരുന്ന വാഹനങ്ങൾ മെയിൻ റോഡിലേക്ക് കയറുന്നതിന് മുമ്പ് പൂർണ്ണമായി നിറുത്തിയിടണം. ഇരുവശങ്ങളിലും മറ്റ് വാഹനങ്ങൾ ഇല്ലയെന്ന് നോക്കി തിട്ടപ്പെടുത്തിയതിന് ശേഷമെ യാത്ര തുടരാവു. ലൈസൻസ് ഇൻഷ്വറൻസ് തുടങ്ങിയ നിയമ നടപടികൾ പാലിച്ചിരിക്കണം. (സൂക്ഷിക്കുക, ലൈസൻസ് ഇല്ലാതെ വാഹനം ഓടിച്ചാൽ ഓടിക്കുന്ന ആളിന്റെ പേരിൽ കൊലക്കുറ്റത്തിന് കേസെടുക്കാൻ നിയമമുണ്ട് എന്ന് മറന്നുപോകരുത്). (13) 18 വയസ് തികയാത്ത എടുത്ത് ചാട്ടമുള്ള കുട്ടികൾക്ക് വാഹനം കൊടുക്കരുത്, മാതാപിതാക്കൾ മക്കളെ കോപിപ്പിക്കാതെ സൗമ്യതയിൽ അവരോട് പറഞ്ഞ് മനസിലാക്കിപ്പിക്കണം. നമ്മുടെ മക്കൾ തീർച്ചയായും കേൾക്കും. അവർ അനുസരിക്കും. കാരണം അവർ ദൈവത്തിന്റെ പൊന്നോമനകൾ എന്നത് അവർക്കറിയാമല്ലോ

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചെയ്താൽ ആയുസ് കൂടും. അപകടം മാറും, സമാധാനം ഉണ്ടാകും, നാട്ടിലും വീട്ടിലും സന്തോഷമാകും. വഴിയിൽ പതിയിരിക്കുന്ന അപകടങ്ങളെ ബോധപൂർവ്വം മനസിലാക്കി ചിന്തിക്കുക, പ്രവർത്തിക്കുക, തീരുമാനമെടുക്കുക. •

> **18 വയസ് തികയാത്ത എടുത്ത് ചാട്ടമുള്ള കുട്ടികൾക്ക് വാഹനം കൊടുക്കരുത്, മാതാപിതാക്കൾ മക്കളെ കോപിപ്പിക്കാതെ സൗമ്യതയിൽ അവരോട് പറഞ്ഞ് മനസിലാക്കിപ്പിക്കണം. നമ്മുടെ മക്കൾ തീർച്ചയായും കേൾക്കും. അവർ അനുസരിക്കും. കാരണം അവർ ദൈവത്തിന്റെ പൊന്നോമനകൾ എന്നത് അവർക്കറിയാമല്ലോ!**

# മാതൃകയ്ക്ക് മാറ്റമുണ്ടായാൽ



**ഷെറിൻ ഷേർളി സന്തോഷ്**

പല ഭവനങ്ങളിലും മാതാപിതാക്കളും മക്കളും തമ്മിൽ നല്ല രീതിയിൽ അല്ല സഹകരിക്കുന്നതും ഇടപെടുന്നതും. മക്കളായാലും മാതാപിതാക്കളായാലും ഒരിക്കലും മറ്റൊരാളിനെ പോലെ പൂർണ്ണമായി മാറാൻ കഴിയുകയില്ല. പക്ഷെ പരിശ്രമിക്കാൻ പറ്റുമെന്ന് ചിന്തിക്കുക. എല്ലാ അർത്ഥത്തിലും കഴിവുകളിലും മികവ് നേടിയവരാണോ നിങ്ങൾ? മാതാപിതാക്കൾ മനസിലാക്കിയാലും. ഇത് പഴയ കാലഘട്ടമല്ല ലോകം നിമിഷം തോറും വികസിച്ചും മനുഷ്യൻ നവമാറ്റങ്ങളിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

നിങ്ങൾ കഷ്ടപ്പെട്ടതുപോലെ മക്കൾ കഷ്ടപ്പെടില്ലെന്ന് വന്നേക്കാം. അതിന് അവർ തയ്യാറായില്ലെന്നും വരാം. ദയവായി നിങ്ങൾ നിങ്ങളുടെ മക്കളെ മനസിലാക്കാൻ ശ്രമിക്കുക. അവരുടെ പ്രശ്നങ്ങൾ നിങ്ങൾ മൗനമായി കേൾക്കാൻ സമയം കണ്ടെത്തുക. അല്ലാതെ കാണുന്ന വ്യക്തികളോട് നിങ്ങളുടെ മക്കളുടെ പ്രശ്നങ്ങൾ നിങ്ങൾ പങ്കുവയ്ക്കുകയാണെങ്കിൽ തീർച്ചയായും മാതാപിതാക്കളേ, നിങ്ങൾ പരാജയപ്പെട്ടിരിക്കുന്നു എന്നാണ് അതിന്റെ അർത്ഥം. മാതാപിതാക്കളുടെ ഓരോ പ്രവർത്തികളും വാക്കുകളും മക്കൾ കേൾക്കുകയും കാണുകയും ചെയ്യുന്നുമുണ്ട്. മാത്രമല്ല നിങ്ങൾ ചെയ്യുന്ന ഓരോ കാര്യങ്ങളും മക്കൾ എപ്പോഴും കണ്ടു പഠിക്കുകയാണ് എന്ന് ദയവായി ചിന്തിച്ചാലും. മക്കൾ മാത്രമല്ല തെറ്റുകൾ ചെയ്യുന്നത് മാതാപിതാക്കളും അറിയാതെ ചില തെറ്റുകൾക്ക് അടിമകളാണ് എന്ന് മറക്കാതിരിക്കുക. കഴിഞ്ഞു പോയ സാഹചര്യങ്ങളിൽ മക്കളെക്കാൾ തെറ്റുകൾ നിങ്ങൾ ചെയ്തിട്ടുണ്ടാകാം. നിങ്ങളുടെ മക്കൾ നിങ്ങളെ ചോദ്യം ചെയ്യേണ്ട അവസരം ഉണ്ടാക്കി കൊടുക്കാതിരിക്കാൻ ശ്രമിക്കുക.

മക്കളെ ജനിപ്പിച്ച് കഷ്ടപ്പാടുകൾ അറിയിക്കാതെ വളർത്തി നിങ്ങളുടെ തെറ്റുകൾ അവർ കണ്ട് ചോദ്യം ചെയ്താൽ അവിടെ തീരും മാതാപിതാക്കളായ നിങ്ങളുടെ യോഗ്യതയും ബഹുമാനവും. മനുഷ്യൻ ആയാൽ തെറ്റുകൾ പറ്റാം, പക്ഷെ അത് ആർക്കും അംഗീകരിക്കാൻ പറ്റാത്ത തെറ്റുകൾ ആകരുത് എന്ന് മാത്രം. നവമാധ്യമങ്ങളായ മൊബൈലും ഇന്റർനെറ്റും സോഷ്യൽ മീഡിയകളും മക്കൾ മാത്രമല്ല മാതാപിതാക്കളും സൂക്ഷിച്ച് ഉപയോഗിക്കുക. പ്രധാനമായി സോഷ്യൽ മീഡിയകൾ ദുരുപയോഗം ചെയ്യാതിരിക്കുക. മാതാപിതാക്കളും മക്കളും ഒരുമിച്ച് കാര്യങ്ങളെല്ലാം സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുക.

പരസ്പരം പ്രശ്നങ്ങൾ എന്തെങ്കിലും തമ്മിൽ ഉണ്ടെന്ന് തോന്നിയാൽ പറഞ്ഞ് തീർക്കുക. മറ്റുള്ളവരുടെ മുമ്പിൽ വച്ച് കഴിവതും മാതാപിതാക്കൾ മക്കളെ ശകാരിക്കാതിരിക്കാൻ ശ്രമിക്കണം. ഒപ്പം മറ്റുള്ളവരുടെ മുമ്പിൽ വച്ച് മാതാപിതാക്കൾക്കെതിരെ മക്കൾ ശബ്ദമുയർത്തുകയോ കോപിച്ചു ഇടപെടുകയോ ഒരിക്കലും ചെയ്യാൻ പാടില്ല. മാതാപിതാക്കളുടെ സ്വത്ത് മക്കളും മക്കളുടെ ധനം മാതാപിതാക്കളുമാണ് എന്ന് ദയവായി ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കട്ടെ. മറ്റുള്ളവരുടെ മുമ്പിലും സമൂഹത്തിന്റെ ഇടയിലും മക്കളെ കോപിപ്പിക്കരുത്. മക്കൾ മാതാപിതാക്കളെ അനുസരിക്കുകയും എതിർത്ത് സംസാരിക്കാതെ ബഹുമാനിക്കുകയുമത്രേ വേണ്ടത്. ഈ കാലം ദുഃഷ്ടത നിറഞ്ഞതായതിനാൽ പിശാചിന് പ്രവർത്തിക്കാൻ ഇടം നൽകരുത് എന്നൊരു അപേക്ഷകൂടി ഓർമ്മിപ്പിക്കട്ടെ. •




> **മക്കൾ മാതാപിതാക്കളെ അനുസരിക്കുകയും എതിർത്ത് സംസാരിക്കാതെ ബഹുമാനിക്കുകയു മത്രേ വേണ്ടത്.**

# ദുഃഖം വ്യത്യസ്ത ഭാവങ്ങളിൽ



സാജു ജോർജ്
ഉറുകുന്ന്



ലോകത്തിൽ ജനിക്കുന്ന ഏതു മനുഷ്യർക്കും ഓരോരോ ആഗ്രഹങ്ങളുണ്ട്. ആഗ്രഹങ്ങളാണ് മനുഷ്യനെ ഓരോ ദിവസവും ഈ ലോകത്തിൽ ജീവിക്കാൻ അനുവദിക്കുന്നത്. പലപ്പോഴും അവന്റെ ആശകൾ ലഭിക്കാതെവരുമ്പോൾ നിരാശനായി മാറുന്നു. തന്മൂലം അവനിൽ ദുഃഖങ്ങൾ ഉണ്ടാകുന്നു. ദുഃഖങ്ങൾ എന്നത് ദൈവഹിതപ്രകാരവും ലോകപ്രകാരവും ഉണ്ടെന്നു നമുക്ക് ദർശിക്കാൻ കഴിയും. അപ്പോസ്തലനായ പൗലോസ് കൊരിന്ത്യസഭയോട് പറയുന്നു ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷയ്ക്കായി ഉളവാക്കുന്നു. ലോകത്തിൽ ദുഃഖമോ മരണത്തെ ഉളവാക്കുന്നു (2 കൊരി 7:10). നമ്മുടെ ജീവിതത്തിന്റെ പലമേഖലയിലും ദൈവഹിതപ്രകാരമുള്ള ദുഃഖങ്ങൾ എങ്ങനെയെന്ന് നോക്കാം.

### 1. ജനനത്തിൽ

ലോകത്തിലെ ജനസംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിൽ തലമുറകൾ ഇല്ലെങ്കിൽ മനുഷ്യവംശം നശിച്ചുപോകും. മാതാപിതാക്കൾ തങ്ങളുടെ മക്കളുടെ വിവാഹം കഴിഞ്ഞാൽ സ്വസ്ഥരായി എന്ന് ചിന്തിക്കും. എന്നാൽ തലമുറകളുടെ ജീവിതത്തിൽ വരുന്ന ഓരോ പ്രതിസന്ധികൾ കണ്ടു മാതാപിതാക്കൾ ദുഃഖിച്ചുകൊണ്ടിരിക്കും. വർഷങ്ങളായി തലമുറയില്ലാത്ത ദുഖം, രോഗങ്ങൾ, സ്ഥിരജോലിയില്ലായ്മ, ജനിക്കുന്ന കുഞ്ഞിന്റെ അംഗവൈകല്യം, മന്ദബുദ്ധി, ഗർഭ നാശം പ്രശ്നങ്ങൾ, കടഭാരങ്ങൾ, ഭവനമില്ലായ്മ, സഹോദരങ്ങൾ അല്ലെങ്കിൽ അയൽക്കാർ തമ്മിലുള്ള തർക്കങ്ങൾ എന്നിവയാണ് പ്രധാന ദുഃഖങ്ങൾ.

വൃദ്ധനായ അബ്രഹാമിന് വാഗ്ദത്ത സന്തതിയായ യിസ്ഹാക്കിനെ കൊടുത്തത് നൂറാം വയസ്സിലാണ്. മറ്റുള്ളവർ അബ്രഹാമിനേയും സാറായേയും പരിഹസിച്ചുകാണും. അതുമൂലം അബ്രഹാമിന് ദുഃഖം ഉളവാക്കിയെങ്കിലും ദൈവഹിതപ്രകാരമുള്ള ദുഃഖമായിരുന്നതിനാൽ അവൻ നിരാശപ്പെട്ടില്ല. ഓരോ ദിവസവും പാപങ്ങൾ ഏറ്റുപറഞ്ഞ് ദൈവത്തോട് കൂടുതൽ അടുത്തുകൊണ്ട് വാഗ്ദത്തസന്തതിയ്ക്കായി കാത്തിരുന്നു. തന്മൂലം അബ്രഹാം സകലജാതികളുടെ പിതാവായി മാറുകയും ദൈവത്തിന്റെ മടിയിലിരിക്കുവാനും സാധിച്ചു. ശിശുവായിരുന്ന സമയത്ത് മോശയും യേശുവിനെയും ശത്രുവായവൻ കൊല്ലുവാൻ ശ്രമിച്ചു, യബ്ബേസിന്റെ അമ്മ അവനെ വ്യസനത്തോടെ ജനിപ്പിച്ചു, ദാവീദിന്റെ കുഞ്ഞിന്റെ മരണം (2 ശമു 12:15–18) തുടങ്ങിയ ദുഃഖങ്ങൾ ദർശിക്കാൻ കഴിയും. നമ്മുടെ ജനനസമയത്ത് വരുന്ന ഓരോ ദൈവഹിതപ്രകാരമുള്ള ദുഃഖങ്ങൾ പിന്നീട് നമുക്ക് അനുഗ്രഹമായിമാറും.

### 2. വിവാഹത്തിൽ

യിസ്ഹാക്കിന്റെ വിവാഹത്തിനുവേണ്ടി ദാസനായ ഏല്യേസർ അലയേണ്ടിവന്നു. അതു ദൈവഹിതപ്രകാരമുള്ള ദുഃഖമായതിനാൽ ദാസനായ എല്യേസറിനും യിസ്ഹാക്കിനും പിതാവായ അബ്രാഹാമിനും നിരാശപ്പെടേണ്ടിവന്നില്ല. ഇന്നത്തെ മാതാപിതാക്കൾ തങ്ങളുടെമക്കളുടെ വിവാഹത്തിനുവേണ്ടി അലഞ്ഞ് നിരാശപ്പെടുന്നു. മക്കളുടെ വിദ്യാഭ്യാസം, ജോലി, സൗന്ദര്യം, കുടുംബമഹിമ, ശരീരപ്രകൃതം എന്നിവയ്ക്കനുസരിച്ചുള്ള ജീവിതപങ്കാളിയെ അവർക്ക് ലഭിക്കാതെവരുമ്പോൾ മാതാപിതാക്കൾ നിരാശപ്പെടുന്നു.

പലപ്പോഴും മാതാപിതാക്കൾ ആത്മീയമായ അന്തരീക്ഷത്തേക്കാളും ഭൗതിക അന്തരീക്ഷത്തിന് പ്രാധാന്യം കൊടുക്കുന്നു. പലപ്പോഴും നമ്മുടെ സാമ്പത്തികം, വിദ്യാഭ്യാസം, ജോലി, കുടുംബമഹിമ എന്നിവകൊണ്ട് നല്ലൊരു വിവാഹജീവിതം ലഭിക്കുമെന്ന് ചിന്തിക്കുന്നു. എന്നാൽ വധു അല്ലെങ്കിൽ വരന്റെ പ്രായം, തൊഴിലില്ലായ്മ, ജാതിവ്യത്യാസം, കുടുംബമഹിമ, സാമ്പത്തികം, ദൂരം, കുടുംബപാശ്ചാത്തലം എന്നിവ ഇഷ്ടപ്പെടാതെ വരുമ്പോൾ വിവാഹം മാറിപ്പോകുന്നു. ദൈവമക്കളായ നമുക്ക് ഏതുകാരണമുണ്ടെങ്കിലും നിരാശപ്പെടേണ്ട കാര്യമില്ല. അതു ദൈവഹിതപ്രകാരമുള്ള ദുഃഖമായിരിക്കും. തന്മൂലം നല്ലതിനുവേണ്ടി കൂടുതൽ ദൈവത്തോട് അടുത്തിരിക്കുക. മക്കളുടെ വിവാഹസമയം ദീർഘമായാലും ദൈവം അവർക്ക് ഒരു യിസ്ഹാക്കിനെയോ അല്ലെങ്കിൽ ഒരു റിബെക്കയോ കരുതിവെച്ചിട്ടുണ്ട്. അതുലഭിക്കാൻ പ്രാർത്ഥനയോടെ നാം ദൈവസന്നിധിയിൽ കാത്തിരിക്കണം.

### 3. ജോലിയിൽ

നമ്മുടെ പിതാക്കന്മാർ പലതരം കൃഷി, കന്നുകാലിമേയ്ക്കൽ, മീൻപിടുത്തം എന്നിവ ചെയ്തിരുന്നു. ഏതൊരുമനുഷ്യന്റെയും സ്വപ്നമായ നല്ലൊരു തൊഴിൽ വേണമെന്നുള്ളത്. ബൈബിളിൽ കൃഷി, ഗൃഹഭരണം, രാജഭരണം, വൈദ്യൻ, കന്നുകാലിമേയ്ക്കൽ, പ്രവാചകൻ, പുരോഹിതൻ, ആശാരി, ഇരുമ്പുപണി, സ്വർണ്ണപ്പണി, ഭവനനിർമ്മാണം, മീൻപിടുത്തം, അധ്യാപനം, സൈനികസേവനം, കാവൽ, ന്യായപാലനം തുടങ്ങിയ തൊഴിലുകൾ ദർശിക്കാൻ കഴിയും.

നമ്മുടെ വിദ്യാഭ്യാസത്തിനനുസരിച്ചുള്ള ജോലി ലഭിച്ചില്ല എന്ന കാരണത്താൽ നാം ദുഃഖിക്കുകയും അതുപോലെ ലഭിച്ച ജോലിയിൽ തുച്ഛമായ ശമ്പളം, സ്ഥിരതയില്ലായ്മ, സഹപ്രവർത്തകർ തമ്മിലുള്ള അസ്വസ്ഥതകൾ, ഒറ്റപ്പെടുത്തലുകൾ, മേലുദ്യോഗസ്ഥന്റെ ശകാരങ്ങൾ, തുടങ്ങിയ ലോകപ്രകാരം നമുക്ക് ദുഃഖം ഉളവാക്കും. ഇതെല്ലാം ദൈവഹിതപ്രകാരമുള്ള ദുഃഖങ്ങളായി മാറിയാൽ നമുക്ക് അനുഗ്രഹമായിത്തീരും. ഉദാഹരണമായി അധ്യാപകനാകാൻ വിദ്യാഭ്യാസം ചെയ്ത വ്യക്തിക്ക് സർക്കാരിൽ ഒരു പ്യൂൺജോലി കിട്ടിയാൽ ആദ്യം വിഷമം തോന്നും. ദൈവഹിതപ്രകാരം ലഭിച്ച ജോലി എന്നുവിചാരിച്ചു ജോലിയിൽ കയറിയാൽ കുറച്ചുകഴിയുമ്പോൾ ആ ജോലിയുമായി ഇഴുകിച്ചേരുകയും അധ്യാപകജോലിയിലെ പ്രയാസങ്ങൾ മനസ്സിലാക്കുമ്പോൾ ആ ജോലി ലഭിക്കാതിരുന്നത് അനുഗ്രഹമായി എന്നു തോന്നും. പ്യൂൺ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ കൂടുതൽ മത്സരപരീക്ഷകൾ എഴുതാൻ ശ്രമിക്കും. ഒരു പക്ഷേ ചീഫ് സെക്രട്ടറി, കളക്ടർ, തഹസീൽദാർ, വില്ലേജ് ഓഫീസർ തുടങ്ങിയവയിൽ ഉദ്യോഗക്കയറ്റം ലഭിക്കും. അതേസമയം അധ്യാപകനായി തീർന്നാൽ ഒരു നല്ല ജോലി കിട്ടി. ഇനി എനിക്ക് ഒന്നിനും പരിശ്രമിക്കാൻ വയ്യ എന്ന ചിന്താഗതിയോടെയിരിക്കും. അതു നമ്മെ അലസതയിലേക്ക് നയിക്കും.

**യേശുവിന്റെ മരണം ഒരു ദുഃഖവെള്ളിയായി ലോകം ആഘോഷിക്കുമ്പോൾ ദൈവമക്കൾക്ക് ഒരു സന്തോഷത്തിന്റെയും പ്രത്യാശയുടെയും നിത്യതയുടെ ദിവസമായിമാറുന്നു.**

ഒരു സ്ഥാപനത്തിൽ നിന്നും നമ്മെ ചെയ്യാത്ത കുറ്റത്തിന് ശിക്ഷിച്ചുപുറത്താക്കിയാൽ ആ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന ശമ്പളം മൂവായിരം രൂപയാണെങ്കിൽ മറ്റൊരു സ്ഥാപനത്തിൽ ജോലിചെയ്യുമ്പോൾ ആറായിരമോ പതിനായിരമോ ലഭിക്കും. നാം മറ്റു സംസ്ഥാനങ്ങളിലോ, ഗൾഫ് രാജ്യങ്ങളിലോ കൂടുതൽ ശമ്പളത്തിനായി പോകാൻ ശ്രമിക്കും. അപ്പോൾ നമുക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കും. നാം പഴയ സ്ഥാപനത്തിൽതന്നെ ജോലി ചെയ്തുകൊണ്ടിരുന്നാൽ നമുക്ക് ഒരു ഉയർച്ചയും ലഭിക്കില്ല. എല്ലാം ഭംഗിയായി ചെയ്യുന്ന ദൈവത്തെയാണ് നാം ഓരോ ദിവസവും സേവിക്കുന്നത്.

മോർദ്ദെഖായിയുടെ ജീവിതത്തിൽ, ഒരു കാവൽക്കാരനായിരുന്ന താൻ ഹാമാനെ ബഹുമാനിച്ചില്ല എന്ന കാരണത്താൽ അവനെയും അവന്റെ ജാതിയെയും കൊല്ലുവാൻ ഹാമാൻ തീരുമാനിച്ചു. ദൈവഹിതപ്രകാരമുള്ള തന്റെ തൊഴിൽ ദുഃഖമായിത്തീർന്നുവെങ്കിലും മൊർദ്ദെഖായി വിഷമിച്ചില്ല. അവൻ ദൈവസന്നിധിയിൽ ഉപവാസത്തോടും പ്രാർത്ഥനയോടും ആയിത്തീർന്നു. അതുകൊണ്ട് ദൈവം ശത്രുക്കളുടെ മുമ്പാകെ മേശ ഒരുക്കി അവനെ മാനിച്ചു. നമ്മുടെ ജോലിയിൽ എന്തു ഭാരമുണ്ടെങ്കിലും അതുദൈവം നീക്കിക്കളയും.

### 4. ഇടപെടലുകളിൽ

അനുദിനം നാം പല പ്രവൃത്തിയിൽ ഏർപ്പെടുന്നു. കൊടുക്കൽ, വാങ്ങൽ, കാരുണ്യപ്രവർത്തനങ്ങൾ, പരോപകാരം, തുടങ്ങിയവ നമ്മുടെ ജീവിതത്തിൽ ദർശിക്കാൻ സാധിക്കും. സഹോദരന്മാർ, രാഷ്ട്രീയനേതാക്കന്മാർ, സാമുഹ്യപ്രവർത്തകർ, ആത്മീയനേതാക്കന്മാർ, വിശ്വാസികൾ എന്നിവരുമായി നാം സഹകരിക്കേണ്ടിവരുന്നു. ഇവരുമായി ആശയപരമായി ദുഃഖിക്കേണ്ടിവരുന്ന സാഹചര്യങ്ങൾ ഉണ്ടാകും. (ചില ദൈവദാസന്മാർ ദൈവസഭ (കെട്ടിടം) നിർമ്മാണത്തിനായി വളരെ അധ്വാനിക്കും. അവർ പലരെയും കണ്ടും ഉപവാസമെടുത്തും പ്രാർത്ഥിച്ചും ദൈവസഭയുടെ നിർമ്മാണം പൂർത്തിയാക്കും. അവിടെ ഈ വർഷം ആദ്യമായി ശുശ്രൂഷിക്കാം എന്നു തീരുമാനിച്ചിരിക്കുമ്പോൾ ആ ദൈവദാസന് സ്ഥലം മാറ്റവും ഏറ്റവും ചെറിയ സഭയും ലഭിക്കും. അതേസമയം ദൈവരാജ്യത്തിനുവേണ്ടി അധികം ശോഭിക്കാതെ ദൈവദാസൻ ആ സഭയുടെ ചാർജ്ജ് എടുക്കുമ്പോൾ ദൈവസഭയുടെ നിർമ്മാണത്തിനുവേണ്ടി അധ്വാനിച്ച ദൈവദാസന് ലോകപ്രകാരമായി ദുഃഖം ഉണ്ടാകും). ഇത് ദൈവഹിതപ്രകാരമുള്ള ദുഃഖമായിത്തീരുമ്പോൾ അദ്ദേഹത്തിന് അടുത്ത പ്രാവശ്യം ഏറ്റവും നല്ല സഭ ലഭിക്കുകയും വിദേശരാജ്യങ്ങളിൽ പോകാനുള്ള മാർഗ്ഗവും ദൈവം ഒരുക്കിക്കൊടുക്കും.

അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ്, മോശെ, ദാവീദ്, യേശു, യേശുവിന്റെശിഷ്യന്മാർ, പൗലോസ് തുടങ്ങിയവർ പല പ്രതിസന്ധികളിൽ അകപ്പെട്ടതായിക്കാണാം. അവർക്ക് നേരിടുന്ന ദുഃഖങ്ങൾ ദൈവഹിതമായി മാറിയപ്പോൾ വളരെ അനുഗ്രഹങ്ങൾ നേടാൻ സാധിച്ചു.

### 5. മരണത്തിൽ

ഇഹലോകത്തെ രക്തബന്ധങ്ങളുടെ വേർപാട് വളരെ ദുഃഖം ഉളവാക്കുന്നു. മാതാപിതാക്കൾ, ഭർത്താവ്, ഭാര്യ, മക്കൾ, കൊച്ചുമക്കൾ, സുഹൃത്തുക്കൾ എന്നിവരുടെ വേർപാടുകൾ നമ്മളിൽ വളരെ ദുഃഖം ജനിപ്പിക്കും. ലോകപരമായി ദുഃഖമുണ്ടെങ്കിലും ദൈവവചനപരമായി ദുഃഖിക്കേണ്ടിവരില്ല. ബൈബിളിൽ പഴയ-പുതിയനിയമ മാതാപിതാക്കന്മാരുടെയും വിശുദ്ധന്മാരുടെയും മരണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

ലാസറിന്റെ മരണം സഹോദരിമാരായ മാർത്തയ്ക്കും മറിയയ്ക്കും ദുഃഖമുളവാക്കി എന്നാൽ ദൈവഹിതപ്രകാരമുള്ള ദുഃഖമായതിനാൽ അവിടെ ഉയിർപ്പിന്റെ അലയടിച്ചു. യേശുവിന്റെ മരണം ഒരു ദുഃഖവെള്ളിയായി ലോകം ആഘോഷിക്കുമ്പോൾ ദൈവമക്കൾക്ക് ഒരു സന്തോഷത്തിന്റെയും പ്രത്യാശയുടെയും നിത്യതയുടെ ദിവസമായിമാറുന്നു. നമ്മുടെ പാപപരിഹാരത്തിനായി യേശു കാൽവറിക്രൂശിൽ യാഗമായിതീർന്നു. യേശുവിന്റെ കാൽവറി മരണം ദൈവഹിതമായതിനാൽ നമുക്ക് ദൈവത്തിന്റെ മക്കളാകുവാൻ അധികാരം ലഭിച്ചു. അവൻ നമ്മെ നിത്യതയോടടുപ്പിച്ചു. •

## കരുണയുടെ കരം

ആര്യനാട് എം. ജി. സഭാംഗമായ വിജയദാസ്, കിഡ്നി സംബന്ധമായ രോഗം നിമിത്തം രണ്ടു വർഷമായി ഹൃദ്രോഗവും, ശ്വാസതടസവും നിമിത്തവും ഭാരപ്പെടുന്നു. ഇപ്പോൾ 9 മാസമായി ആഴ്ചയിൽ മൂന്ന് പ്രാവശ്യം ഡയാലിസിസ് ചെയ്തുവരുന്നു. അംഗപരിമിതനായ വിജയദാസിന് സ്വന്തമായി ഉണ്ടായിരുന്ന സ്ഥലം വിറ്റാണ് ഇതുവരെ ചികിത്സ നടത്തിക്കൊണ്ടിരുന്നത്. ഇപ്പോൾ സാമ്പത്തിക ബുദ്ധിമുട്ട് മുഖാന്തരം ചികിത്സ തുടരാൻ കഴിയാത്ത അവസ്ഥയിലാണ്. ഭാര്യ മേരിക്കുട്ടിയും രോഗിയാണ്, മക്കളില്ല. ഇവർക്കായി പ്രാർത്ഥിക്കുവാനും സാമ്പത്തികമായി സഹായിക്കുവാനും അഭ്യർത്ഥിക്കുന്നു.

വിലാസം: വിജയദാസ്, ബേർശേബ ഹൗസ്, മൈലമൂട്, അരുവിക്കര പി.ഒ, തിരുവനന്തപുരം. Account Number: 67301787339, SBT Uzhamalakkal Branch, IFSC Code: SBTR0000547, Thiruvananthapuram (Dist). Contact No. +91 9495073757

# Visions of the Triune God for the Transformational Mission

The Indian social scenario is rapidly changing due to the influence of technology, humanitarian activities and newer mission movements. There are several charitable non-Christian NGOs working in our context with humanitarian projects. Christian missions are not the only ones that engage in the society to change or transform it.

The question here is, 'How does the Christian Mission engagement differ from the social engagement of non-Christians? What makes the Christian mission unique? Chiefly, it is our vision of God, to say more vividly, it is the vision of the triune God. This stands as the inspiration behind all the activities of Christian Missions. Aubrey Malphurs says, "Vision is crucial to any ministry, ministry without vision is like a surgeon without a scalpel, a cowboy who has lost his home, a carpenter with a broken harmer". Therefore, the 'vision' of the triune God is the fountainhead of all our programs, projects and humanitarian activities as well as the driving force behind all the Christian commitments. The activities with vision of triune God can totally and radically bring changes in individuals and societies. This transforming attempt can be referred as transformational mission.

In the postmodern era, according to Ajith Fernado, people are depersonalized because of its bondage to rational and scientific principles. Here the emphasis is more on subjective aspects of life, that is to say, 'my feelings', my preference etc. Today's generation is uncomfortable with principles outside themselves governing their decisions and behavior; therefore, people are trapped by self-centeredness. At this juncture, a person or an organization must have a clear vision of God, in order to become as an agent of transformation. Absence of this vision makes everything mere programs or projects which may reform, but, never transform.

Sherwood G. Lingenfelter says, "Transformation is neither bridging from one system to another, nor transferring a 'Christian' system to another place and people. Rather transformation means a new hermeneutic-a redefinition, a reintegration of the lives of God's people within the system in which they find themselves living and working". It is true when one begins to see transformation as completely God's work, only God can do that, a radical inside out change, not some adjustments or mask-oriented appearance, humans do that, but when God transforms, he does not do some adjustments but brings a total change in which transformation impacts individuals and communities to integrate themselves within their structure. Paul Hebert rightly observes that, "every culture and every person must change in the light of a new perspective-Jesus Christ, crucified, risen, and exalted. Jesus did not come to save cultures, but people, and he came to transform them into his likeness." In Pauline language this is the process of being the 'new creation'. It is a new creation for the whole society where the life of an individual is integrated to structures like cultures, religions and ideologies. In the process of personal transformation these structures are also transformed, in other words; it is the total transformation of the total life of the community.

The statement of Fanai Krangkhuma is remarkable, "Our triune God is the God of Mission. The ultimate purpose of His mission is to bring all things in heaven and on earth together under one head, even Christ (Eph.1:11)." If mission is not from the clear vision of the triune God, they remain simply as human efforts to bring about some cosmetic changes in society which will never cost us anything significant. Roger E. Hudlund says, "Transformed churches begin to transform their communities. God's agenda includes the physical and social as well as the spiritual restoration of humankind. God is concerned for the whole person and whole community." The clear visions of triune God is crucial to have an authentic transformational mission because this vision is the driving force behind our all our mission and activities. Moreover, this vision of God would bring a total solidarity and identification with the aspirations of the people especially the poor and oppressed in our society or community.

### The Visions of Triune God

**1. The agonizing God**

God is the God of liberation. The liberative act of God for the Israelites from Egypt is significant. It is generally



**Thomas Philip**

held that the most significant historical liberation that has inspired many liberation movements and theologies is the exodus event in the Mosaic age. K.C. Abraham states, "…the living God in the Bible is a liberator God, the God of the Exodus experience. Liberation Theology, particularly of Latin America, was developed on the basis of biblical insights and the experiences of new ecclesial communities of poor Christians." Behind the Exodus liberation event, a clear picture of an agonizing God is seen (Exo. 3:1-10).

A holy invisible, eternal God at the ground level speaking to Moses! The suffering of Israel, their bondage, misery, suffering, exploitation, manipulation, violence and oppression brought him down to the ground level. He knew their plight and it moved him, it stirred his heart, it moved his will so he came down. This is an amazing revelation of God's nature and character. Walter C. Kaiser Jr. says, "Mission points to a central action; the act of being sent with a commission to carry out the will of a superior. It is God who commissions and sends." From the exodus event, it is obvious that God desires an intimacy in communion and relationship, not suffering or oppression, not fear, death and decay. When such happens it really hurts God. It is this agonizing God who called out, commissioned, and sent out Moses. He saw the vision of an agonizing God and restless God.

The biblical picture of God shows, He is not a God untouched by the needs and suffering of his people. Not one who remains unconcerned by injustice, exploitation, ethnic cleansing, poverty, even the injustice faced by humans hurt God. Moses had this vision of God's immutable character, he yielded to the decisive vision and took God's pain as his and moved with God's mission. The vision of God changed him to love the people of Israel who suffered under Pharaoh and served them sacrificially. God is concerned about all his creations, not just some select people. His compassion encompasses the whole creation and the entire humanity. Behind the entire mission that is being carried out in the societies we should see the vision of a God whose heart is broken by our sins and its cruel consequences! Having this vision of God would lead men and women to a holistic transformation.

**2. The Grieving God**

The second vision is that of the incarnated son of God in the human form. In Jesus Christ the agony and compassion of God is embodied in human nature. It means the real solidarity of compassion and agony in one person. This can be called the interior of Christology.

1. Solidarity: "Jesus wept", John 11:35.The tears of Jesus were virtually those of incarnate deity; they were faithful and expressive translations of Divine emotions into human language, and revelation of the divine in the human. His solidarity was practical. This verse reveals so much about the nature of God and his concern for human beings. Moreover, it conveys a profound meaning, the uniqueness of Jesus Christ whose vision is crucial for all our transformational missions. Jesus intensively identified with those bereaved sisters in their deepest sorrow, participated in the depth of their agony and anguish, wept with them. This brings the picture of God who participates in the sufferings and sorrows. His solidarity with the bereaved sisters moved him to action. He raised the dead man and comforted the bereaved sisters.

2. Sympathy: A helpless widow whose future was so bleak, "his heart went out to her and comforted her" Lk. 7:11-13. He had compassion on this miserable widow. When the comfort of others plays on the surface; Jesus' comfort reaches into the hidden place, the hidden cause of all troubles. Jesus was moved to the depths of his heart and turned his sympathy into a visible reality; he restored the dead young man alive to his helpless mother. •

*(to be continued)*






## Latin America

# Barack Obama hosts final musical event at White House



US President Barack Obama has hosted his final musical event at the White House, saying he felt a "bit of bittersweetness" at the culmination of one of his and First Lady Michelle Obama's "favorite" traditions.

Obama and his wife Michelle began the annual event eight years ago to celebrate music that has helped shape the US.

Recalling past performances by legendary musicians, Obama said it was no secret that he and Michelle loved music and tried to share their passion with the rest of the country.

## EUROPE

# Titanic locker key sold for £85,000 at auction

A key which opened a life-jacket locker on the Titanic has been sold for £85,000. It was among 200 items from the liner sold at an auction in Devizes. The key had been predicted to fetch up to £50,000.

Auctioneer Andrew Aldridge said the amount the key finally sold for "reflected its importance and unique nature". A postcard sent by the ship's "heroic" chief wireless operator sold for £19,000. The locker key had belonged to third-class steward Sidney Sedunary, from Berkshire, whoperished when the Titanic went down in April 1912, after hitting an iceberg.

## ASIA

# Junko Tabei, first woman to climb Everest, dies at 77

Japanese media reports have said that the first woman to climb Mount Everest has died.

Junko Tabei died on Thursday of cancer at a hospital outside of Tokyo, according to the reports. She was 77.

Tabei reached the summit of the world's highest mountain in 1975. In 1992, she also became the first woman



to complete the "Seven Summits," reaching the highest peaks of the seven continents.

She gained world fame after the Everest feat, but played it down, telling Sports Illustrated in a 1996 profile- "I was the 36th person to climb Everest."

Japan's Kyodo News agency said that Tabei scaled peaks in more than 60 countries.

## AFRICA

# Artists come together with giant paintings to celebrate Nelson Mandela's birthday

Artist John Adams said his portrait of Mandela at 4.8 x 4.5 meters (16 x 15 feet) is the largest that exists of the anti-apartheid leader. The 38-year-old, who painted the portrait at his childhood home in the Johannesburg suburb of Bosmont, said Mandela inspired him as a young artist."

The moment he was released schools were opened to everybody," said Adams, who is of mixed race and got new educational opportunities with the end of apartheid. Adams' painting features Mandela waving with the African continent in the palm of his hand,as people in the background cheer the former president's contributions. It will also include some of Mandela's



famous words. The painting will be exhibited at Johannesburg's concert arena,the Coca-Cola Dome,from July 24 to 27 and then will be auctioned to raise funds for South African charities for abused children,the Teddy Bear Clinic and Sunlight Safe House.

# യുവത്വം സമൂഹത്തിന്റെ ചാലകശക്തി: ഡഗ്ലസ്

2050 ആകുമ്പോൾ ലോക ജനസംഖ്യയിൽ നല്ലൊരു പങ്ക് യുവജനങ്ങൾ ആകുമെന്നും, യുവത്വം സമൂഹത്തിന്റെ ചാലക ശക്തിയായി മാറുമെന്നും പ്രഭാഷകനും എഴുത്തുകാരനുമായ ഡഗ്ലസ് ജോസഫ്. ഷാരോൺ ഫെലോഷിപ്പ് ചർച്ച് യൂത്ത് വിംഗിന്റെ നേതൃത്വത്തിൽ ദുബായ് ഹോളി ട്രിനിറ്റി ചർച്ച് ഹാളിൽ വെച്ച് 'യൂത്ത് ഡേ-2016' നോടനുബന്ധിച്ചു സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വളർച്ചയുടെ പാതയിൽ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ, സാധ്യതകൾ എന്നതായിരുന്നു പ്രഭാഷണവിഷയം.



അധാർമികജീവിതം, മദ്യം, മയക്കുമരുന്ന് ആസക്തികൾ, സോഷ്യൽ മീഡിയ അടിമത്തം, ലക്ഷ്യബോധമില്ലായ്മ, ദൈവഭയമില്ലാത്തജീവിതം, ലൈംഗിത അരാജകത്വം തുടങ്ങിയവ യുവജനങ്ങളെ വഴിതെറ്റിക്കുന്നതായി അദ്ദേഹം പറഞ്ഞു. വർധിച്ചുവരുന്ന അനുകരണഭ്രമം, സുഖലോലുപത, മൂല്യച്യുതി, ആക്രമവാസന എന്നിവ കുടുംബത്തിന്റെയും രാജ്യത്തിന്റെയും നട്ടെലായ യുവാക്കളെ നാശത്തിലേക്ക് തള്ളിവിടുന്നതായി അദ്ദേഹം നിരീക്ഷിച്ചു. ബാല്യത്തിലെ ശരിയായ അവബോധം പകർന്ന് നൽകാൻ അധ്യാപകരും, മാതാപിതാക്കളും, ആത്മീയ ആചാര്യന്മാരും തയ്യാറാവണമെന്നു അദ്ദേഹം പറഞ്ഞു. പാസ്റ്റർ യോഹന്നാൻ, റെറ്റി മാത്യൂ, രാജേഷ് ബോസ് എന്നിവർ നേതൃത്വം നൽകി.

ലൈറ്റ് ഓഫ് ദ വേൾഡ് മിനിസ്ട്രീസ്

9-ാമത് വരിക്കോലിൽ കൺവൻഷൻ

പുനലൂർ മുൻസിപ്പൽ സ്റ്റേഡിയം

2017 ജനുവരി 9-13

പ്രസംഗകർ:

റവ. ടി. ജെ. ശാമുവേൽ
റവ. ഡോ. എം. എ. വറുഗ്ഗീസ്
റവ. റജി ശാസ്താംകോട്ട
പാസ്റ്റർ ജയൻ തോമസ്
പാസ്റ്റർ സജി കര്യൻ
പാസ്റ്റർ സഞ്ജയ് ഹൈദരാബാദ്

പാസ്റ്റർ ഷിബു എബ്രാഹാം പുനലൂർ നേതൃത്വം നല്കുന്നു

സംഗീത ശുശ്രൂഷ: ZEALOUS BAND

ഇമ്മാനവേൽ ഹെൻട്രി / ബ്ലസൻ മേമന / പെർസിസ് ജോൺ

MEDIA PARTNER HARVEST tv

കൂടുതൽ വിവരങ്ങൾക്ക്: 9495267695, 9446796989

# വിസ ഫീസ് വർദ്ധനവ്

ദമാം: സൗദി അറേബ്യയിലെ എല്ലാ വിസകൾക്കും ഫീസ് വർദ്ധനവ് ചില നാളുകൾക്ക് മുമ്പ് പ്രാബല്യത്തിൽ വന്നുവെന്ന് പറയപ്പെടുന്നു. മറുനാടൻ മലയാളികൾക്കും മറ്റു രാജ്യ ങ്ങൾക്കുമുള്ള വിസ ചാർജ്ജ് കുത്തനെ ഉയർത്തി. രാജ്യം സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ രാജ്യത്തിന്റെ നിലനിൽപ്പിനു വേണ്ടി ചെയ്യുന്ന താണ് എന്ന് വാർത്താ വിനിമയ സംഘം പറയുന്നു. എണ്ണവിലയിൽ കുത്തനെ ഇടിവ് സംഭവിച്ചതാണ് കാരണമെന്ന് പറയപ്പെടുന്നു. പലരും വൻവർദ്ധനവ് വഹിക്കാൻ കഴിയാതെ രാജ്യം വിട്ടു പോകാ നുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നതായും ഞങ്ങളുടെ ലേഖകൻ റിപ്പോർട്ട് ചെയ്തു.

**പുതുക്കിയ ഫീസ് ഒറ്റ നോട്ടത്തിൽ താഴെക്കൊടുക്കുന്നു.**

1. സിംഗിൾ എൻട്രി വിസിറ്റിംഗ് വിസ 2000 റിയാൽ,
2. രണ്ടാമത്തെ തവണ തീർത്ഥാടനത്തിന് പോയാൽ 2000 റിയാൽ,
3. മൾട്ടിപ്പിൾ എൻട്രിവിസാ ചാർജ്ജ് 6 മാസം 3,000 റിയാൽ, 1 വർഷം 5,000 റിയാൽ, രണ്ട് വർഷം 8,000 റിയാൽ,
4. റീ എൻട്രി:
   2 മാസ കാലാവധിക്ക് 200 റിയാൽ,
   3 മാസത്തിൽ കൂടുതൽ വരുന്ന ഓരോ മാസവും 100 റിയാൽ,
5. മൾട്ടിപ്പിൾ റി എൻട്രി:
   പരമാവധി മൂന്നു മാസം 500 റിയാൽ
   മൂന്ന് മാസത്തിന് ശേഷം ഓരോ മാസവും 200 റിയാൽ,
6. ട്രാൻസിറ്റ് വിസ ചാർജ്ജ് 300 റിയാൽ
   തുറമുഖം വഴി എക്സിറ്റ് ചാർജ്ജ് 50 റിയാൽ

ഫീസ് വർദ്ധനവിനെതിരെ ലോകരാജ്യങ്ങൾ ഒരുമിച്ച് സൗദി ഗവൺമെന്റിന് അപേക്ഷ നൽകിയിട്ടുണ്ട്. വിസ ചാർജ്ജ് പിൻവലിച്ച് ജനങ്ങൾക്ക് സുഗമമായി യാത്ര ചെയ്യുവാനുള്ള ക്രമീകരണം ലഭിക്കുമെന്ന് വിശ്വസിക്കുന്നു.

# അഗ്നിക്കിരയാക്കി

**റിപ്പോർട്ട്: പാസ്റ്റർ ഷാജി സേവ്യർ**

കൊറാപ്പുട്ട് ജില്ലയിൽ സബ് ഡിവിഷനൽ പ്രദേശമായ ജേയ്പോറിൽ ന്യൂസിലാന്റ് മിഷനറിയിൽ നടത്തപ്പെടുന്ന "Life Foundation" സഭയുടെ ഓഫീസ് കോമ്പൗണ്ടിൽ നിർത്തി ഇട്ടിരുന്ന പൾസർ ബൈക്കും, ബൊലേറോയും സുവിശേഷവിരോധികൾ അഗ്നിക്കിരയാക്കി.

സഭാ പ്രസിഡന്റ് റവ. ജെയ്സൺ കോബ് സംഭവം നടക്കുമ്പോൾ വിദേശയാത്രക്ക് പുറപ്പെട്ടിരുന്നു. തന്റെ ഭാര്യ ആൻഡ്രിയാന കോബൂർ ഹോസ്റ്റലിൻ താമസിക്കുന്ന 45 ൽ പരം കുഞ്ഞ് കുട്ടികളും സ്റ്റാഫും മാത്രമേ ഉണ്ടായിരുന്നുള്ളു. ആളപായം സംഭവിച്ചിട്ടില്ല. കെട്ടിടത്തിനും സാരമായ കേട്പാടുകൾ സംഭവിച്ചിട്ടുണ്ട്. ദീർഘവർഷങ്ങളായി നടത്തിവരുന്ന ഈ സംഘടനയ്ക്ക് ആദ്യമായാണ് ഇത്തരത്തിൽ ഒരു ആക്രമണം ഉണ്ടായിരിക്കുന്നത്. ദൈവജനം ഒഡീഷയിലെ പ്രവർത്തനങ്ങളെ ഓർത്തു ശക്തമായി പ്രാർത്ഥിക്കണമേ.

# നിര്യാതയായി



പത്തനംതിട്ട: കുമ്പഴ മാണിക്കനേത്ത് എം.ഐ.എബ്രഹാമിന്റെയും പൊന്നമ്മയുടെയും പരേതനായ മകൻ സിബി എബ്രഹാമിന്റെ ഭാര്യ ബിനി (44) പെട്ടെന്നുണ്ടായ ശാരീരിക അസ്വസ്തതയെ തുടർന്ന് നിര്യാതയായി. ഉളനാട് മുകടിയിൽ ബിനു ഭവനിൽ എം.ഇ.മാത്യുവിന്റെയും പൊന്നമ്മയുടെയും മകളാണ്. ഏക മകൻ സുബിൻ എസ്.എബ്രഹാം വിദ്യാർത്ഥിയുമാണ്. സഹോദരങ്ങൾ ബിജു, ബിനു. ഇരുവരും ദുബായിൽ ജോലി ചെയ്യുന്നു.

# മേഖലാ ഭാരവാഹികൾ



പാസ്റ്റർ കെ. സി. ജേക്കബ്



പാസ്റ്റർ ഡൊമിനിക്



ജോസ് ജോൺ

ആലപ്പുഴ: മേഖല സൺഡേസ്കൂൾ ഭാരവാഹികൾ, പ്രസിഡന്റ് പാസ്റ്റർ കെ.സി.ജേക്കബ്, വൈസ്പ്രസിഡന്റ്തോമസ് കുര്യൻ, സെക്രട്ടറി പാസ്റ്റർ ഡൊമിനിക്, ജോയിന്റ് സെക്രട്ടറി, ഡോ.തോമസ് വർഗ്ഗീസ്, ട്രഷറാർ ജോസ് ജോൺ, പബ്ലിസിറ്റി കൺവീനർ, പ്രകാശ് പീറ്റർ താലന്ത് കൺവീനർ, അലക്സാണ്ടർ മാത്യു.

# വനിതാ സെമിനാർ നടത്തപ്പെട്ടു




*സെമിനാറിൽ സിസ്റ്റർ വിദ്യ സന്തോഷ് പ്രസംഗിക്കുന്നു*

കോട്ടയം: ഇന്ത്യാ റിവൈവൽ അസംബ്ലിയുടെ സിൽവർ ജൂബിലി ഭാഗമായി റിവൈവൽ വിമൻസ് മൂവ്മെന്റ് ഒരുക്കിയ ഏകദിന സെമിനാർ ഒക്ടോബർ 12–ന് രാവിലെ 10 മുതൽ 1 വരെ വാഴൂർ 15–ാം മൈൽ കാഞ്ഞിരത്താ ഓഡിറ്റോറിയത്തിൽ നടന്നു. ദേശീയ മനുഷ്യാവകാശ സാമൂഹിക നീതി കമ്മീഷൻ സംസ്ഥാന ലീഡർ സെക്രട്ടറി അഡ്വ. ഡെയ്സി ദാനിയേൽ ഉദ്ഘാടനം നിർവഹിച്ച സെമിനാറിൽ ഗ്രെയ്സ് പോയിന്റ് വിമൻസ് മിനിസ്ട്രീസ് പ്രസിഡന്റ് സിസ്റ്റർ വിദ്യ സന്തോഷ് മുഖ്യസന്ദേശം നൽകി.

# ലാപ്ടോപ്പും മൊബൈലും ഇനി ഇൻഷ്വർ ചെയ്യാം!

ദില്ലി: ട്രെയിൻ യാത്രക്കാർക്ക് 92 പൈസയുടെ ഇൻഷ്വറൻസ് അവതരിപ്പിച്ചതിന് പിന്നാലെ ഐ.ആർ.സി.ടി.സി ലാപ്ടോപ്പ്, മൊബൈൽ ഫോൺ, ഗാഡ്ജറ്റ് തുടങ്ങിയവയ്ക്കും ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ആലോചിക്കുന്നു. ഇതു സംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തിയതായി ഐ.ആർ.സി.ടി.സി മാനേജിംഗ് ഡയറക്ടർ എ. കെ. മനോച്ച പറഞ്ഞു.

യാത്രക്കാർ വ്യാജ ക്ലെയിമുകൾ നടത്തിയേക്കുമെന്ന് ഇൻഷ്വറൻസ് കമ്പനികൾ ആശങ്ക പ്രകടിപ്പിച്ചതായി അദ്ദേഹം വ്യക്തമാക്കി. എന്നാൽ, ഇതു സംബന്ധിച്ച് ചില ആശയങ്ങൾ ഐ.ആർ.സി.ടി.സി ജീവനക്കാർക്കും മറ്റും പരിമിതപ്പെടുത്താനാണ് ആലോചനയെന്നും അദ്ദേഹം പറഞ്ഞു.

ലാപ്ടോപ്പ്, മൊബൈൽ ഫോൺ, ഗാഡ്ജെറ്റ് എന്നിവ മോഷണം പോവുകയോ അപകടത്തിൽ നഷ്ടപ്പെട്ടു പോകുകയോ ചെയ്താൽ ഇൻഷ്വറൻസ് നൽകാനാണ് ഐ.ആർ.സി.ടി.സിയുടെ പരിപാടി യെങ്കിലും അപകടമുണ്ടായാൽ മാത്രമേ ഇൻഷ്വറൻസ് നൽകാൻ കഴിയൂ എന്നാണ് കമ്പനികളുടെ വാദം.

നിലവിൽ 92 പൈസയുടെ ഇൻഷ്വറൻസ് വൻ വിജയമായ സാഹചര്യത്തിലാണ് സർക്കാരിന് കൂടുതൽ വരുമാനമുണ്ടാകുന്ന പുതിയ ഇൻഷ്വറൻസിന് ആലോചിക്കുന്നത്. പൂജ, ദീപാവലി, ആഘോഷ വേളയിലെ തിരക്ക് പരിഗണിച്ച് ഇൻഷ്വറൻസ് തുക 1 രൂപയാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

# ബൈബിൾ ക്വിസ് നവംബർ 2016

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം • ബ്ലെസ്സി ജോസഫ്, രണ്ടാം സമ്മാനം • പാസ്റ്റർ സി. ജോൺ, ന്യൂഡൽഹി**

**വേദഭാഗം: ഹോശയ (1 മുതൽ 14 വരെ)**

1. പ്രത്യാശയുടെ വാതിലായി ലഭിക്കുന്ന താഴ്‌വര ഏത്?
2. ജനം നശിച്ചു പോകുന്നതെന്തുകൊണ്ട്?
3. അതിർ മാറ്റുന്നവരെപ്പോലെ ആയിത്തീർന്നത് ആര്?
4. രക്തം കൊണ്ട് മലിനമായിരിക്കുന്ന പട്ടണം ഏത്?
5. ബുദ്ധിയില്ലാത്ത പൊട്ടപ്രാവുപോലെ ആകുന്നത് ആര്?
6. ജാരന്മാരെ കൂലിക്ക് വാങ്ങിയത് ആര്?
7. ഭ്രാന്തൻ എന്ന് യിസ്രായേൽ അറിയുന്നത് ആരെ?
8. മക്കൾ വിറെച്ചും കൊണ്ട് വരുന്ന ദിക്ക് ഏത്?
9. യഹോവ സൈന്യങ്ങളുടെ ദൈവമാകുന്നു അവന്റെ നാമം എന്ത്?
10. എന്തിനെയാണ് ചികിത്സിച്ച് സൗഖ്യമാക്കുന്നത്?

**2016 ഒക്ടോബർ മാസത്തിലെ ശരി ഉത്തരങ്ങൾ (ദാനിയേൽ)**

1. വീണ (3:5), 2. വിശുദ്ധ ദേവന്മാരുടെ ആത്മാവ് ഉള്ളത് കൊണ്ട് (4:18), 3. സ്വർഗ്ഗത്തിലേക്ക് (4:34), 4. നെബുഖദ്നേസർ (4:31), 5. ബേൽശസർ (5:6), 6. ദാര്യാവേശ് (5:18), 7. പത്ത് (7:7), 8. അന്ത്യകാലത്ത് അതിക്രമക്കാരുടെ അതിക്രമം തികയുമ്പോൾ (8:23), 9. ഗബ്രിയേൽ (9:21), 10. ഉറച്ചുനിന്ന് വീര്യം പ്രവർത്തിക്കും (11:32).

**നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചവർ:**

*ഒന്നാം സമ്മാനം*: Sis. Glancy K. Philip, Kallukalayil House, Valakom P.O, Kottrakkara (Via), Kollam (Dist).

*രണ്ടാം സമ്മാനം:* Sis. Mariyamma Thomas, Mundakkal Illathu Veedu, Nariyapuram P.O, Pathanamthitta.

**ശരി ഉത്തരം അയച്ചവർ**: 1. Shainy Varghese, Karakkattu Parampil, Kumarapuram, Ernakulam. 2. Shyja Binu, IPC Carmel Hall, Niesher P.O, Kasaragod. 3. Reena S, Thoppil Veedu, Thirupuram, Neyyattiknkara. 4. Joshi Jacob, Aluvilayil House, Namburipotty, Malappuram. 5. Seethu, IPC Palakkadu. 6. Glancy K. Philip, Kallukalayil House, Valakom, Kottrakkara. 7. Saju George, Kaniyampaara House, Urukunnu, Punalur. 8. Mariyamma Thomas, Mundakkal Illathu Veedu, Nariyapuram P.O, Pathanamthitta. 9. Rajamma R, Keezhukettil Padinjattethil, Kaviyoor, Thiruvalla. 10. Mercy K. Sebastian, Merland, Manjinikkara, Pathanamthitta.

**നിബന്ധനകൾ**

1. എല്ലാ മാസവും 25–ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.

*Looking unto Jesus, the author and finisher of our faith*
AUTHOR AND FINISHER WORSHIP CENTRE
ഒരുക്കുന്ന
**ഉപവാസപ്രാർത്ഥനയും വിടുതൽ ശുശ്രൂഷയും**
ഡിസംബർ 1 വ്യാഴാഴ്ച രാവിലെ 10 മുതൽ 1 മണി വരെ
CMYA ഹാൾ, ചെമ്മന്തൂർ, പുനലൂർ



പാസ്റ്റർ അനി ജോർജ്ജ് ശുശ്രൂഷിക്കുന്നു
പാസ്റ്റർ ജോഷി വർഗ്ഗീസ് ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നു

ടി. വി. പ്രോഗ്രാം സമയം:

POWER VISION — എല്ലാ ബുധനാഴ്ചയും രാവിലെ 7.30 മുതൽ 8.00 വരെ
FOX TV — എല്ലാ ശനിയാഴ്ചയും ഞായറാഴ്ചയും രാത്രി 8.30 മുതൽ 9.00 വരെ
CHANNEL LIVE — വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ രാത്രി 8.30 മുതൽ 9.00 വരെ
ALLIANCE VISION — എല്ലാ ശനിയാഴ്ചയും ഞായറാഴ്ചയും രാത്രി 9.00 മുതൽ 9.30 വരെ
TRUMPET TV — എല്ലാ ബുധനാഴ്ചയും രാത്രി 8.30 മുതൽ 9.00 വരെ

ആരാധനയും വിടുതൽ ശുശ്രൂഷയും എല്ലാ ഞായറാഴ്ചയും രാവിലെ 10.30 മുതൽ 1 വരെ പുനലൂർ വൈ.എം.സി.എ ഹാളിൽ വച്ച് നടത്തപ്പെടുന്നു
പാസ്റ്റർ ജോഷി വർഗ്ഗീസ് ശുശ്രൂഷിക്കുന്നു
കൂടുതൽ വിവരങ്ങൾക്ക്: 9605061422, 9744674066
www.authorandfinisherministries.org
*ഏവർക്കും സ്വാഗതം*

പാട്ടിന്റെ വഴി

# നിന്നോടെൻ ദൈവമേ, ഞാൻ ചേരട്ടെ... സാറ. എഫ്. ആഡംസ്, ഇംഗ്ലണ്ട്

43 വർഷം കൊണ്ട് പൊലിഞ്ഞു പോയ സാറ ഫ്ളവർ ആഡംസ് എന്ന ആംഗലേയ വനിതയാണ്, സുന്ദരമായ ഈ ഗാനത്തിന് പിറവി നൽകിയത്. ആത്മീയ സംഗീത ലോകത്തിൽ സ്ത്രീരത്നങ്ങളാൽ എഴുതപ്പെട്ടിട്ടുള്ള ഗാനങ്ങളിൽ ഏറ്റവും സുന്ദരം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഗാനമാണ് Nearer My God, to thee. 1805 ഫെബ്രുവരി 22 ന് ഇംഗ്ലണ്ടിലെ ഹാർലോ എന്ന പട്ടണത്തിലാണ് സാറ ഫ്ളവർ ആഡംസ് ജനിച്ചത്.

സാഹിത്യ രചനയിലും അഭിനയത്തിലും അതീവ സാമർത്ഥ്യം പ്രകടിപ്പിച്ചിരുന്ന ഗവേഷകനും സിവിൽ എഞ്ചിനീയറുമായ ജോൺ ബ്രിഡ്ജസ് ആഡംസിനെ 1834 – ൽ വിവാഹം ചെയ്തു. 14 വർഷത്തെ കുടുംബ ജീവിതത്തിനു ശേഷം സുന്ദരിയും നിരവധി കഴിവുകളുടെ ഉടമയു മായ ഈ സഹോദരി തന്റെ 43–ാം വയസ്സിൽ കർത്തൃ സവിധമണിഞ്ഞു. സാറയുടെ സ്വന്തം സഹോദരി എലിസ്സയും അറിയപ്പെടുന്ന സംഗീതജ്ഞയായിരുന്നു.

സാറയുടെ മിക്ക പാട്ടുകൾക്കും ഈണം പകർന്നത് എലിസ്സയാണ്. ഇവരിരുവരുമൊരുമിച്ച് 13 പാട്ടുകൾ രചിക്കുകയും 62 പുതിയ രാഗങ്ങൾ രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു നാൾ ഈ രണ്ട് സഹോദരിമാരും കൂടെ അവരുടെ പുതിയൊരു ഗാനത്തിന്റെ അന്തിമ മിനുക്കു പണികൾ ചെയ്തു കൊണ്ടിരിക്കവെ അവരുടെ പാസ്റ്ററായ റവ. ജോൺസൺ ഫോക്സ് പറഞ്ഞു. ഉല്പ 28:10–22 വരെയുള്ള വാക്യങ്ങളെ ആസ്പദ മാക്കി യാക്കോബിന്റെയും ഏശാവിന്റെയും ജീവിതത്തെക്കുറിച്ച് ഞാനൊരു പ്രസംഗം തയ്യാ റാക്കിക്കൊണ്ടിരിക്കുകയാണ്. അതിന് ചേർന്ന് പോകുന്ന ഒരു സമാപന ഗാനം രൂപപ്പെടു ത്താൻ കഴിഞ്ഞെങ്കിൽ നന്നായേനെ.

ഇതു കേട്ടുടനെ എലിസ്സ പറഞ്ഞു പുതിയൊരു പാട്ടിന് പറ്റിയ ആശയം കൈ വന്നിരിക്കുന്നു. യാക്കോബിന്റെ ആദർശത്തെ അടിസ്ഥാനപ്പെടുത്തി സാറ, നിനക്കെന്തു കൊണ്ട് നിന്റേതായ ഒരു പാട്ടെഴുതിക്കൂടാ? ഇതിങ്കൽ പ്രചോദിതയായ സാറ അന്നേ ദിവസം യാക്കോബിന്റെ ജീവിതത്തിന്റെ അതുല്യമായ ഈ ദർശനം ധ്യാനിക്കയും പഠിക്കയും ചെയ്തു. സ്വജീവനെ ഭയന്ന് സഹോദരനായ ഏശാവിനാൽ വധിക്കപ്പെടാതിരിക്കേണ്ടതിന് ഏകനായ് അമ്മാച്ചന്റെ വീട്ടിലേക്ക് ഓടിപ്പോകുന്നതിനിടയിൽ കല്ല് തലയിണയാക്കി നിദ്രയിലാഴ്ന്നപ്പോൾ ഗോവണിയിലൂടെ ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ബേഥേലിന്റെ അനുഭവം സാറയെ ഏറെ സ്വാധീനിച്ചു. 5 ചരണങ്ങളിലൂടെ ഈ ദർശനത്തെ പൂർണ്ണമായ് തന്നെ കാവ്യരൂപമണിയി ക്കാൻ സാറയ്ക്ക് സംഗതിയായി. അങ്ങനെയാണ് ഈ ആശ്വാസഗാനം രചിക്കപ്പെട്ടത്. ഏകദേശം 15 വർഷക്കാലത്തേക്ക് ഈ ഗാനത്തിന് വേണ്ടത്ര പ്രചാരം ലഭിച്ചില്ല.

> **സാറയുടെ മിക്ക പാട്ടുകൾക്കും ഈണം പകർന്നത് എലിസ്സയാണ്. ഇവരിരുവരുമൊരുമിച്ച് 13 പാട്ടുകൾ രചിക്കുകയും 62 പുതിയ രാഗങ്ങൾ രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.**

എന്നാൽ അമേരിക്കൻ സഭയുടെയും സംഗീത വിദ്യാലയത്തിന്റെയും പിതാവ് എന്നറിയപ്പെടുന്ന ലോവെൽ മാസൺ അതിന്റെ രാഗം മാറ്റി ഇന്നറിയപ്പെടുന്ന രാഗത്തിലാക്കിയതിനു ശേഷം ലോകത്തിലെ മിക്ക ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ട് ആലപിക്കാവുന്ന തരത്തിൽ മേൽത്തരമായി. അനേക സഹസ്രം വിശ്വാസികൾക്ക് ആശ്വാസത്തിന്റെ അവാച്യമായ അനുഭൂതി നൽകുന്നതിന് ഈ ഗാനം ഇടനിന്നിട്ടുണ്ട്. ദൈവത്തെ അറിവാനും ദൈവത്തോട് ചേർന്നിരിപ്പാനുമുള്ള മനുഷ്യ ഹൃദയത്തിന്റെ അടങ്ങാത്ത ആഗ്രഹത്തെ ഈ ഗാനം നന്നായ് പറഞ്ഞു തരുന്നുണ്ട്. അമേരിക്കൻ പ്രസിഡന്റായിരുന്ന വില്യം മാക്കിൻലി തന്റെ ഏറ്റവും പ്രിയമായ ഈ ഗാനം പാടിക്കൊണ്ടാണ് ഈ ലോകത്തോട് വിട പറഞ്ഞത്.

പലസ്തീനിലേക്കുള്ള യാത്രയിങ്കൽ 50 വിദ്യാർത്ഥികൾ വട്ടമിട്ടു നിന്ന് അറബി ഭാഷയിൽ പാടിയ ഈ ഗാനം ശ്രവിച്ച പ്രശസ്ത വേദശാസ്ത്രജ്ഞൻ പ്രൊഫ. ഹിറ്റ്ച്ച് കോക്ക് അറിയാതെ കരഞ്ഞു പോയി. 1889–ൽ തീവണ്ടി അപകടത്തിൽ പെട്ട് ബോഗിയമർന്ന് ഞെരിഞ്ഞ് മരിച്ച ഒരു മിഷനറി വനിത തന്നെ രക്ഷിക്കാനാകാതെ വിഷാദമൂകരായ് നിന്ന യാത്രികർ കേൾക്കേ പ്രത്യാശയോടെ ഈ ഗാനം പാടിക്കൊണ്ടിരിക്കവെയാണ് കർത്തൃ സവിധമണഞ്ഞത്.

1912–ൽ 1500 പേരെ അറ്റ്ലാന്റിക് മഹാ സമുദ്രത്തിലേക്ക് എന്നേക്കുമായ് സംസ്കരിച്ച ടൈറ്റാനിക്ക് കപ്പലപകട സമയത്ത് ആ കപ്പലിലെ ഗായകസംഘവും അവരോടൊപ്പം 1500–ൽപ്പരം വിശ്വാസികളും ഒടുവിലായ് പാടിയ ഗാനവും മറ്റൊന്നായിരുന്നില്ല. ടൈറ്റാനിക്കിലെ ഗായകസംഘം ഈ ഗാനം ആലപിക്കുന്നതിന് ഉപയോഗിച്ച വയലിൻ 1727–ൽ അന്റേനിയോ സ്ട്രാഡിവരിയസ് എന്ന സംഗീതോപകരണ വിദ്വാൻ നിർമ്മിച്ചതാണ്. കപ്പലപകടത്തിനു ശേഷം ഏറ്റവും ഉയർന്ന വിലക്ക് ഈ വയലിൻ 1998 – ൽ ലണ്ടനിൽ ലേലം ചെയ്യപ്പെട്ടു (94,7500 ഡോളർ).

ഈ ഗണത്തിൽ ഇതൊരു റെക്കോർഡാണ്. ഹെയിം ലാസറോവ് എന്ന ധനാഢ്യനാണ് വയലിൻ ലേലത്തിലെടുത്തത്. മലയാള ഭാഷയിൽ ഇതിന് രണ്ട് വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. ''നിന്നോടെൻ ദൈവമേ, ഞാൻ ചേരട്ടെ'' എന്ന പഴയ ഗാനവും ''എൻ ദൈവമേ തിരുസന്നിധൗ ഞാൻ'' എന്ന സഹോ. പി. ജെ. ആന്റണിയുടെ 97–ലെ പുതിയ ഗാനവും.

Landway *Health Tips*

# ധമനികളിൽ ബ്ലോക്കുണ്ടോ? മാറ്റാൻ ഭക്ഷണം

ധമനികളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്നതാണ് മിക്ക ഹൃദയരോഗങ്ങൾക്കും കാരണമാവുന്നത്. ധമനികളെ ആരോഗ്യത്തോടെ സംരക്ഷിക്കുന്നത് നിങ്ങളുടെ ആയുസ് വർദ്ധിപ്പിക്കുമെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യം തന്നെയാണ്. ഇങ്ങനെ ധമനികളിൽ കൊഴുപ്പ് അടിഞ്ഞു കൂടി ആതറോസ്ക്ലറോസിസ് എന്ന അവസ്ഥ ഉണ്ടാക്കുന്നു. ഇത് കാർഡിയോവാസ്കുലർ ഡിസീസിലേക്ക് നയിക്കുന്നു. ആരോഗ്യകരമല്ലാത്ത ഭക്ഷണ രീതികളാണ് ഇത്തരം എല്ലാ രോഗങ്ങൾക്കും കാരണമാവുന്നത്. ആന്റി ഓക്സിഡൻസ്, ആന്റി ഇൻഫ്ളമേറ്ററി, നാരടങ്ങിയവ, ന്യൂട്രീഷ്യൻസ് എന്നിവ അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുന്നത് ഹൃദയാരോഗ്യത്തിന് വളരെ നല്ലതാണ്.

### അവകാഡോ

ന്യൂട്രീഷനുകളാൽ സംപുഷ്ടമാണ് അവകാഡോ. ആർച്ചിസ് ഓഫ് മെഡിക്കൽ സ് സയൻസ് നടത്തിയ പഠനത്തിൽ പറയുന്നത് ദിവസവും അവകാഡോ കഴിക്കുന്നത് ശരീരത്തിലെ ചീത്ത കൊളസ്ട്രോൾ 22 ശതമാനം കുറയ്ക്കുകയും ഗുഡ് കൊളസ്ടോൾ 11 ശതമാനം കൂട്ടുകയും ചെയ്യുമെന്നാണ്.

### ക്രാൻബെറി

ക്രാൻബെറി സ്വാദിഷ്ടമായ പഴമാണെന്നു മാത്രമല്ല, ആന്റി ഓക്സിഡൻസാൽ സമ്പുഷ്ടവുമാണ്. അവകാഡോ പോലെ തന്നെ ക്രാൻബെറീസിനും ചീത്ത കൊളസ്ട്രോൾ കുറയ്ക്കാനും ഗുഡ് കൊളസ്ട്രോൾ കൂട്ടാനുമുള്ള കഴിവുണ്ട്. ഒരു ഗ്ലാസ് ശുദ്ധമായ ക്രാൻബെറി ജ്യൂസ് കഴിക്കുന്നതിലൂടെ ക്രാൻബെറീസിന്റെ എല്ലാ ഗുണങ്ങളും നിങ്ങൾക്ക് ലഭിക്കുന്നതാണ്.

### തണ്ണിമത്തൻ

തണ്ണിമത്തനെക്കുറിച്ച് പലർക്കും അറിയാവുന്നതാണ്. മധുരമുള്ളതും രുചികരവുമായ ഒരു പഴമാണെന്ന്. എന്നാൽ നിങ്ങളുടെ ഹൃദയത്തെ ആരോഗ്യകരമായും ധമനികളെ ശുദ്ധമായും വെയ്ക്കാൻ തണ്ണിമത്തൻ സഹായിക്കും. തണ്ണിമത്തൻ അടങ്ങിയ അമിനോ ആസിഡ് രക്തസമ്മർദ്ദം കുറയ്ക്കുകയും നെഞ്ചെരിച്ചിൽ അകറ്റുകയും ചെയ്യുന്നു.

### ബ്രൊക്കോളി

ഇതിൽ വിറ്റാമിൻ കെ ആന്റി ഓക്സിഡൻസ് എന്നിവയാൽ സംമ്പുഷ്ടമാണ്. ഇത് ധനമികളിൽ രക്തം കട്ടപ്പിടിക്കുന്നത് തടയുന്നു. ബ്രൊക്കോളി നാരടങ്ങിയ ഭക്ഷണമാണ് ഇത് ഹൃദയാരോഗ്യത്തിനും രക്തസമ്മർദ്ദം സ്വാഭാവികമാക്കുവാനും സഹായിക്കുന്നു.

### കറുകടപ്പട്ട

ഒരു ടേബിൾ സ്പൂൺ കറുകപ്പട്ട ദിവസവും കഴിക്കുന്നത് ചീത്ത കൊളസ്ട്രോൾ കുറയ്ക്കാൻ സഹായിക്കുന്നു. കൂടാതെ ധമനികളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്നത് തടയുന്നു.

### ചീര

പൊട്ടാസ്യം, ഫോളേറ്റ്, നാരുകൾ എന്നിവയാൽ സംപുഷ്ടമായ ഒരു വെജിറ്റബിൾ ആണ് ചീര. ഇത് രക്തസമ്മർദ്ധം കുറയ്ക്കാനും ധമനികളെ ശാന്തമാക്കാനും സഹായിക്കുന്നു.

### മഞ്ഞൾ

ഇന്ത്യൻ ഭക്ഷണത്തിൽ വളരെ പ്രധാനമായ ഒരു ചേരുവയാണ് മഞ്ഞൾ ഇത് ആരോഗ്യത്തിന് എത്രമാത്രം നല്ലതാണെന്ന് പറയേണ്ടതില്ലല്ലോ. ധമനികളിലെ കൊഴുപ്പിന്റെ നിക്ഷേപം ഇല്ലാതാക്കാൻ മഞ്ഞൾ പ്രധാന പങ്കുവഹിക്കുന്നു. മഞ്ഞൾ നിങ്ങളുടെ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തുന്നതും പല അസുഖങ്ങളും തടയാൻ സഹായിക്കും.

### വെളിച്ചെണ്ണ

എണ്ണകൾ കൊളസ്ട്രോൾ വിളിച്ചു വരുത്തുമെന്നാണ് പലരും മനസിലാക്കി വച്ചിട്ടുള്ളത്, വെളിച്ചെണ്ണയിൽ ധാരാളം ന്യൂട്രീഷ്യൻസ് അടങ്ങിയിട്ടുണ്ട്. ഇത് ഹൃദയത്തിന്റെ ആരോഗ്യത്തെ സംരക്ഷിക്കുന്നു. രക്ത കുഴലുകളിൽ ഉണ്ടാവുന്ന കൊളസ്ട്രോൾ നിങ്ങളുടെ ശരീരത്തിന് ആവശ്യമായ വിധത്തിൽ ഉപയോഗിക്കുവാൻ വെളിച്ചെണ്ണ സഹായിക്കുന്നു.

### കസ്കസ്

കസ്കസിൽ വലിയ തോതിൽ നാരുകളും ആൽഫ ലൈനോലിക്ക് ആസിഡ് എന്നിവ അടങ്ങിയിട്ടുണ്ട്. ഇവ രണ്ടും രക്തസമ്മർദ്ദം നിയന്ത്രിക്കുന്നു. കൂടാതെ ചീത്ത കൊളസ്ട്രോൾ കുറയ്ക്കുകയും നല്ല കൊളസ്ട്രോൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇതെല്ലാം തന്നെ ധമനികളുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നു.

### ബദാം

ബദാം ഹൃദയത്തിന്റെ ആരോഗ്യത്തെ സംരക്ഷിക്കുന്നു. ഇതിൽ ആരോഗ്യകരമായ അളവിൽ കൊഴുപ്പും, പ്രോട്ടീൻസും അടങ്ങിയിട്ടുണ്ട്. കൂടാതെ വിറ്റാമിൻ ഇ, നാരുകൾ എന്നിവയാലും സംപുഷ്ടമാണ്. ഇത് രക്തസമ്മർദ്ദം നിയന്ത്രിക്കുന്നു. ധമനികളിലെ രക്തത്തിന്റെ ഒഴുക്ക് അനായാസമാക്കുന്നു. •


## MATRIMONIAL

PENTECOSTAL PARENTS INVITES MARRIAGE PROPOSAL FOR THEIR DAUGHTER (WIDOW - NO CHILDREN), - 35 YEARS 5'-3" FARE & BEAUTIFUL WORKING NURSE IN SAUDI MINISTRY. PREFER PENTECOST GROOM, HANDSOME FROM REPUTED FAMILY. AGE BETWEEN 35-39 -5'-4" TO 6'- QUALIFIED & WORKING. ACCEPT WIDOWER WITH CHILDREN, BUT NOT DIVORCED. CONTACT: INDIA: 9446756030, 9594904034. USA:+1-407-232-3876

ഡൽഹിയിൽ ജനിച്ചുവളർന്നു സ്ഥിര താമസമായ പെന്തെക്കൊസ്തു യുവതി (24) B. Com IT, MBA, 165 Cm ഉയരം, ഇരുനിറം, ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഭാഷയിൽ സംസാരിക്കും. രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട് ദൈവ കൃപയിൽ നിൽക്കുന്ന വിദേശത്ത് ജോലിയുള്ള യുവാക്കളുടെ ബന്ധുക്കളിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിക്കുന്നു.
Email: sunny53joseph@gmail.com
Phone: +91 9958256002.

## വീടും സ്ഥലവും വില്പനയ്ക്ക്

പത്തനംതിട്ട – കൈപ്പട്ടൂർ ജംഗ്ഷനടുത്ത് പഴയതും പുതിയതുമായ രണ്ടു വീടുകളുള്ള 42 സെന്റ് സ്ഥലവും വീടും വില്പനയ്ക്ക്. ബന്ധപ്പെടുക: 9447440441

LANDWAY NEWS
Bringing You Closer to God
LANDWAY
Published From Pathanamthitta
Volume No. 2, Issue No.11 | Pages 8 | Price: Rs. 10/-
10 NOVEMBER 2016
Olive Thottathil, Thumpamon P.O., Pandalam, Pathanamthitta Dist, Kerala State, India - 689502;
Phone: +91-9447440441,
Email: landwaynews@gmail.com
www.landwaynews.com
RNI-KERBIL/2015/62054.
Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/11/2016

## നിത്യതയിൽ



പത്തനംതിട്ട: റാന്നി പറക്കുളത്ത് തറവാട് വീട്ടിൽ ആപ്പിൾ സാമിന്റെയും ഹെൽഡയുടെയും മകൻ അലൻ വാഹനാപകടത്തിൽ മരണപ്പെട്ടു. തന്റെ വാഹനവും എതിരെ വന്ന ഓട്ടോയും കൂട്ടിയിടിച്ചാണ് അപകടം സംഭവിച്ചത്. ഉടൻ തന്നെ തിരുവല്ല ബിലിവേഴ്സ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കുവാൻ കഴിഞ്ഞില്ല. റാന്നി എസ്.സി. ഹയർ സെക്കണ്ടറി സ്കൂളിലെ 12-ാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു. എക്സൽ ബി.വി.എസ്. വീഡിയോ സി.ഡി.കളായ മഴവില്ല്, സ്നേഹയാത്ര എന്നിവയിൽ പ്രവർത്തിച്ചിട്ടുണ്ട്. സൺഡേസ്കൂൾ, യൂത്ത് പ്രവർത്തനങ്ങളിലും സജീവ പങ്കാളിയായിരുന്നു. പിതാവ് ആപ്പിൾ സാമം റാന്നിലെ ജോയ്സ് ബേക്കറി ഉടമയും നെല്ലിക്കാമൺ ഐ.പി.സി സഭയുടെ അംഗവുമാണ്. അലന് മൂന്ന് സഹോദരങ്ങളുണ്ട്.

## സൗദിയിൽ വാഹനാപകടത്തിൽ പാസ്റ്റർ മരിച്ചു



ദമ്മാം: സൗദി ജുബൈൽ റോഡിൽ വാഹനാപകടത്തിൽ പാലക്കാട് നെന്മാറ സ്വദേശി പാസ്റ്റർ ജയൻ നിര്യാതനായി. ദമ്മാം ആസ്ഥാനമായുള്ള ഖാലിദ് സൈദ് അല് ഹാജിരി കമ്പനിയുടെ ജുബൈൽ ബ്രാഞ്ചിൽ മാക്സിസ് ടയർ സെയിൽസ്മാനായി ജോലി ചെയ്തു വരികയായിരുന്നു. ജോലിയുമായി ബന്ധപ്പെട്ട് ജുബൈലിൽ നിന്നും ദമ്മാമിലേക്ക് പോകവെ പാസ്റ്റർ ജയൻ സഞ്ചരിച്ചിരുന്ന വാഹനത്തിന് നേരെ മറ്റൊരു വാഹനം കൂട്ടിയിടിച്ചാണ് അപകടം. ഭാര്യ കോട്ടയം മന്ദിരം കവല സ്വദേശിനി ജെയ്സി ജുബൈലിൽ നഴ്സായി ജോലി ചെയ്യുന്നു. മകൾ ഹെഫിസില, മകൻ ജെറിൻ. ലാന്റ്വേ ന്യൂസിന് വേണ്ടി ജുബൈലിൽ നിന്നും ഷിബു പായിപ്പാട്.

## ലാന്റ്വേ ന്യൂസ് ക്വിസ് മാസ്റ്ററിന്റെ മാതാവ് നിര്യാതയായി

പന്തളം: ഉളനാട് പാലവിളയിൽ പരേതയായ പി. വി. ഡേവിഡിന്റെ ഭാര്യ സാറാമ്മ (85) വാർദ്ധക്യസഹജമായ രോഗത്താൽ പന്തളം മെഡിക്കൽ മിഷൻ ആശുപത്രിയിൽ വച്ച് നിര്യാതയായി. മകൻ പാസ്റ്റർ പി.ഡി. ജോസഫ് ഐ.പി.സി. ഹെബ്രോൺ പന്തളം സഭയുടെ പാസ്റ്ററും തുമ്പമൺ പി.ഐ.സി.സി പ്രസിഡന്റും ലാന്റ്വേ ന്യൂസ് ബൈബിൾ ക്വിസ് മാസ്റ്ററുമാണ്. മറ്റ് മക്കൾ സജി, പൊന്നമ്മ, സൂസമ്മ. മരുമക്കൾ: പൊടിയമ്മ, ജോസ്, തങ്കച്ചൻ, കൊച്ചുമോൾ.
ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങൾക്ക് ലാന്റ്വേ ന്യൂസിന്റെ പത്രാധിപരുടെ അനുശോചനം അറിയിച്ചുകൊള്ളുന്നു.

## നിത്യതയിൽ



തിരുവല്ല: ദീർഘനാളുകൾ ഷാർജാ കോർഫക്കാൻ ശാലേം പെന്തക്കൊസ്തു സഭയുടെ മെമ്പറായിരുന്ന തലവടിയിൽ എം. സി. സാം ശാരീരിക അസ്വസ്ഥതയെ തുടന്ന് ലോകത്തോട് യാത്ര പറഞ്ഞു. വേദനിക്കുന്ന ഈ കുടുംബാംഗങ്ങളെ ദൈവം ആശ്വസിപ്പിക്കുവാനും നിത്യസമാധാനത്തിനുമായി ലാന്റ്വേ ന്യൂസ് മീഡിയാ പ്രവർത്തകർ പ്രാർത്ഥിക്കുന്നു.

## കാർ അപകടത്തിൽ പാസ്റ്ററും ഭാര്യാ മാതാവും മരിച്ചു



പാസ്റ്റർ കെ. എ. വർഗ്ഗീസ്



ഗീതമ്മ

തിരുവല്ല: പീരുമേട് മുറിഞ്ഞ പുഴയ്ക്കു സമീപം കാർ അറുപതടി താഴ്ചയുള്ള കൊക്കയിലേക്ക് മറിഞ്ഞ് പാസ്റ്റർ കെ. എ. വർഗ്ഗീസും (46) ഭാര്യാ മാതാവ് ഗീതമ്മയും (58)മരണമടഞ്ഞു. ഭാര്യ ഷൈനി മക്കളായ ജോമറ്റ് (19) ജെസ്ഫിൻ (11) ജോബിൻ (7) എന്നിവക്ക് അപകടത്തിൽ പരിക്കേറ്റു. തിരുവല്ല കറ്റോട് ഗ്രെയ്സ് ഫെലോഷിപ്പ് സഭയുടെ പാസ്റ്റർ ആയിരുന്നു. അണക്കര സ്വദേശിയും കുന്നേൽ കുടുംബാംഗവുമായ പാസ്റ്റർ വർഗ്ഗീസ്, ഗോസ്പൽ ഫോർ ഏഷ്യ സെമിനാരിയിലെ മുൻകാല സഹപാഠികളുടെ കുടുംബ സംഗമത്തിൽ പങ്കെടുത്തശേ ഷം ഷൈനിയുടെ മാതാവിനെയും കൂട്ടി തിരുവല്ലയിലേക്ക് പോരവേ ഒക്ടോബർ 12ന് വൈകിട്ട് 6 മണിയോടെയാണ് അപകടമുണ്ടായത്. പുറകിൽ നിന്നുവന്ന വാഹനം രണ്ടു പ്രാവശ്യം കാറിൽ ഇടിച്ച ആഘാതത്തിലാണ് കാർ കൊക്കയിലേക്ക് പതിച്ചതെന്ന് മകൻ പറഞ്ഞിരുന്നു. ഗോസ്പൽ ഫോർ ഏഷ്യാ സെമിനാരിയിൽ വൈദിക പഠനം പൂർത്തിയാക്കിയ ശേഷം ബിലീവേഴ്സ് ചർച്ച് കണ്ണൂർ ജില്ലാ പാസ്റ്ററായി സേവനം അനുഷ്ഠിച്ചു. 2010-ൽ ബിലീവേഴ്സ് ചർച്ചുമായുള്ള ബന്ധം വിച്ഛേദിച്ച് സ്വതന്ത്രമായി ഗ്രെയ്സ് ഫെലോഷിപ്പ് സഭ ആരംഭിക്കുകയായിരുന്നു. ഗ്രെയ്സ് മെസഞ്ചർ എന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപനുമായിരുന്നു.




## ലാൻഡ്വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| Size | Multicolour | Black & White |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.

*Office Address*

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*

LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

## ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ലാൻഡ്വേ ന്യൂസ് വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്ത്യയ്ക്ക് പുറത്തുള്ള ചില രാജ്യങ്ങളിൽ നിന്നും സംഘടനകളുടെ പേരിൽ സംഭാവന അയയ്ക്കാൻ അനുവദനീയമല്ല. അങ്ങനെയുള്ള രാജ്യങ്ങളിൽ നിന്നും വരിസംഖ്യകളും സംഭാവനകളും അയയ്ക്കുന്നവർ താഴെക്കാണുന്ന ബാങ്ക് വിലാസത്തിൽ അയയ്ക്കുക.

Santhosh Pandalam
A/C No: 14170100002307,
IFSC Code: FDRL0001417
MICR Code: 689049476

Federal Bank,
Pandalam Branch,
Pathanamthitta Dist.,
Kerala, India

Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.